# കച്ഛപി

## എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ



**ലിറ്റിൽ കൈറ്റ്സ്**

**ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ**

**അഞ്ചാലുംമൂട്,കൊല്ലം.**

## ഉള്ളടക്കം


| കൃതികൾ | വിഭാഗം | തയ്യാറാക്കിയത് | പേജ് |
|---|---|---|---|
| എഡിറ്റോറിയൽ | | | 4 |
| എഡിറ്റോറിയൽ ബോർഡ് | | | 5 |
| ആശംസകൾ | ഹെഡ്മിസ്ട്രസ് | | 6 |
| ആശംസകൾ | വാർഡ് കൗൺസിലർ | | 7 |
| ആശംസകൾ | പി ടി എ പ്രസിഡന്റ് | | 8 |
| ആശംസകൾ | എസ് എം സി ചെയർമാൻ | | 9 |
| ആശംസകൾ | മദർ പി ടി എ പ്രസിഡന്റ് | | 10 |
| തത്ത്വവും ജീവിതവും | ചിന്താശകലം ജെ എൻ | അഹ്ന ഫാത്തിമ | 11 |
| പാമ്പിനെ സ്നേഹിച്ച പരുന്ത് | ചെറുകഥ | അഞ്ജലി ജെ | 12 |
| പുഷ്പത്തിന് എന്തിനീ മൗനം | കവിത | പാർവ്വതി ബി | 13 |
| അനിയത്തിയും വരിക്ക ചക്കയും | അനുഭവക്കുറിപ്പ് | എം പി ചന്ദ്രദത്തൻ | 14 |
| വിലപ്പെട്ട ദിനങ്ങൾ | സന്ദേശം | ആരതി ആർ | 15 |
| ചിരിയും ചിന്തയും | ഓർമ്മക്കുറിപ്പ് | രാധാമണി | 16 |
| ജന്മദിനം | കഥ | ഗൗരി നന്ദന ബി എസ് | 18 |
| കുട്ടിക്കൂട്ടം | കവിത | അശ്വതി എം എൽ | 21 |
| മഴവില്ല് , തീവണ്ടി | കവിതകൾ | ലിനു എൽ യു | 22 |
| ക്വിസ് | | ഹന്ന എൽസ ഷിജു | 23 |
| അമ്പിളി കവിത | കവിത | ഹന്ന എൽസ ഷിജു | 25 |
| ക്വിസ് | | അനശ്വര | 26 |
| കടങ്കഥകൾ | | നാസില | 27 |
| ജന്മം | കവിത | ശ്രീദേവി | 28 |
| പുരക്കുള്ളിലെ വാർദ്ധക്യം | കവിത | അനഘ എസ് ലാൽ | 29 |
| മലയാളത്തിലെ ആദ്യ കൃതികൾ | പൊതു വിജ്ഞാനം | അക്ഷയ് എസ് | 30 |
| സ്വപ്നം | കവിത | ജെസ്ന ഫാത്തിമ എൻ | 31 |
| അമ്മ കൂടെയുണ്ട് | കഥ | ആദിത്യ പി | 33 |
| എന്റെ ചെമ്പനീർ പൂവ് | കവിത | കൃഷ്ണ | 36 |
| കടങ്കഥകൾ | | | 37 |

| | | | |
|---|---|---|---|
| തോണി | കവിത | രാജമ്മ ടീച്ചർ | 38 |
| സംസാരിക്കുന്ന ഗുഹ | ചെറുകഥ | ശിവാനി | 39 |
| മുഖം മിനുക്കുന്നവർ | കവിത | സുരേഷ്ബാബു എസ് | 40 |
| പെയ്തൊഴിഞ്ഞ പ്രണയം | കവിത | ജിജ എസ് | 41 |
| ജീവിതാലംബം | കവിത | യാസിനാ തസ്നിം എം | 42 |
| വെട്ടിത്തിളങ്ങുന്ന പൊന്മുട്ട | കവിത | അഞ്ജലി ജെ | 43 |
| അമ്മയുടെ സ്നേഹം | ചെറുകഥ | സജ്ന നിസ്സാം | 44 |
| ബന്ധുര കാഞ്ചനക്കൂട് | സന്ദേശം | തസ്ലീമ | 45 |
| മനുഷ്യജീവിതം | സന്ദേശം | ദേവീപ്രസാദ് | 46 |
| എന്റെ സ്കൂൾ ജീവിതം | അനുഭവക്കുറിപ്പ് | അഞ്ജന ആർ | 47 |
| സ്നേഹം | അനുഭവക്കുറിപ്പ് | എം പി ചന്ദ്രദത്തൻ | 48 |
| ഔദ്യോഗിക ചിഹ്നങ്ങളിലെ ആദർശ വാക്യങ്ങൾ | പൊതു വിജ്ഞാനം | ആർ ഓമന | 50 |
| അമ്മ മനസ് | ഗുണപാഠം | സുൽത്താനിയ എ | 52 |
| ദുഷ്ടന് പറ്റിയ പറ്റ് | കഥ | ജിഫ്ന ഫാത്തിമ ജെ എൻ | 55 |
| നാടോടി | കവിത | വർഷ ആർ | 56 |
| പുസ്തകം എന്ന അത്ഭുതം | ലേഖനം | ജാസ്മിൻ നവാസ് | 57 |
| അമ്മയുടെ സ്നേഹം | ചെറുകഥ | സജ്ന നിസ്സാം | 58 |
| ചിത്രശാല - കുട്ടികൾ വരച്ച ചിത്രങ്ങൾ | കൊളാഷ് | | 59-69 |
| ടീം ലിറ്റിൽ കൈറ്റ്സ് | ഗ്രൂപ്പ് ഫോട്ടോ | | 70 |
| നന്ദി | | രശ്മി മോൾ ജി | 71 |
| | | | |

## എഡിറ്റോറിയൽ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും, സർഗാത്മകമായും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ് 'ലിറ്റിൽ കൈറ്റ്സ് 'എന്ന ഐ .ടി കൂട്ടായ്മ, ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. മലയാളം കമ്പ്യൂട്ടിങ്ങും ,ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും എന്ന വിഷയമേഖലയിലെ ഒരു പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം .

സർഗ്ഗാത്മകതയുടെ സുഗന്ധമാണ് ഇവിടെ ഇതൾ വിരിയുന്നത്. ഭാവനയുടെ അനന്തവിഹായസിൽ സ്വപ്നങ്ങളുടെ ചിറകു വിടർത്തി സ്വതന്ത്രമായി പറന്നുയരാൻ വെമ്പുന്ന കുരുന്നു മനസുകളുടെ കലാമൂല്യത്തിന്റെ അമൃതം നുകരാൻ, ബൗദ്ധിക ചിന്തയുടെ സാങ്കേതികത അറിയാൻ അനവധ്യ സുന്ദരമായ അവസരമൊരുങ്ങുകയാണിവിടെ.

ലിറ്റിൽ കൈറ്റ്സ്, അഞ്ചാലുംമൂട് ഗവ.ഹയർ സെക്കന്ററി സ്കൂൾ യൂണിറ്റിന്റെ നേതൃത്വത്തിൽ സാങ്കേതിക വിദ്യയുടെ പരമാവധി സമന്വയിപ്പിച്ചു കൊണ്ടാണ് ഈ സർഗ്ഗ സൃഷ്ടി ആസ്വാദകരിൽ എത്തുന്നത്.

പ്രോൽസാഹനത്തിന്റെ, നേതൃത്വത്തിന്റെ ഒരു കൈത്തിരി വെട്ടം അറിവിന്റെ അഗ്നിയായ് പടർത്താനും, പ്രതിഭാ സംഗമത്തിന്റെ പുതിയ പ്രഭാതം ഉദയം കാണാനുമുള്ള എളിയ സംരംഭത്തിന്റെ ആവിഷ്കാരമാണിത്.

രചനാവൈവിധ്യത്തിന്റെ വസന്തമൊരുക്കിയവർക്കും, സംഘാടനത്തിന് വൈഖരി നൽകിയവർക്കും ഹൃദയപൂക്കൾ ഒരുക്കി സസന്തോഷം സമർപ്പിക്കുന്നു.



കൃഷ്ണകുമാർ.ബി
കൈറ്റ് മാസ്റ്റർ
ജി എച്ച് എസ് എസ് അഞ്ചാലുംമൂട്

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



കൃഷ്ണകുമാർ ബി
അദ്ധ്യാപകൻ
ഇംഗ്ലീഷ് വിഭാഗം

## ഭാഷാ സഹായം



സുരേഷ്ബാബു എസ്
അദ്ധ്യാപകൻ
മലയാള വിഭാഗം

## സ്റ്റുഡന്റ് എഡിറ്റർ



അഞ്ജന ആർ 9 F

## സ്റ്റുഡന്റ് സബ് എഡിറ്റേഴ്സ്

| | |
|---|---|
| സുധി 9G | ശ്രീക്കുട്ടി 9G |
| ഹന്ന 9H | നജ്മമ 9G |
| അശ്വതി 9G | ആനി ക്ലീറ്റസ് 9E |
| സുൽത്താനിയ 9E | പാർവതി 9D |
| ജയലക്ഷ്മി 9D | ജിൻസി 9G |
| ഭീമ 9A | റിസാന 9I |
| ഗൗരി 9I | അനശ്വര 9B |
| ഗോപിക 9B | കീർത്തന 9A |

# ആശംസകൾ



നമ്മുടെ വിദ്യാലയത്തിന് അഭിമാനമാണ്
ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഈ സർഗ്ഗാത്മക പതിപ്പ്.
അഞ്ചാലുംമൂട് ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ
നാളിതുവരെയുള്ള ഗുണമേൻമയ്ക്കും,ഹൈടെക് സംവിധാനങ്ങൾക്കും
പ്രത്യക്ഷ ഉദാഹരണമാണ്കച്ചപി.
കുട്ടികളുടെ സർവ്വതോൻ മുഖമായ പ്രതിഭാ പോഷണത്തിന് മാർഗ്ഗദീപം
തെളിയുന്നഡിജിറ്റൽ മാഗസിനും ലിറ്റിൽ കൈറ്റ്സിന്റെ
പ്രവർത്തനങ്ങൾക്കും അഭിനന്ദനങ്ങൾ.

**സി ശോഭനദേവി**
ഹെഡ്മിസ്ട്രസ്
ജി എച്ച് എസ് എസ് അഞ്ചാലുംമൂട്

# ആശംസകൾ



***കാലത്തിനൊപ്പം നവോത്ഥാനത്തിന് പാതയൊരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്. ചിന്തയിലും പ്രവൃത്തിയിലും സാങ്കേതികതയുടെയും ആധുനികതയുടെയും ഉത്തമാംശങ്ങൾ നിറച്ച്, പുതിയ കാലത്തിന്റെ പതാകവാഹകരാകുവാൻ ലിറ്റിൽ കൈറ്റ്സിന് കഴിയുന്നു. അഞ്ചാലുംമൂട് ഗവ.ഹയർ സെക്കന്ററി സ്കൂളിന്റെ– എന്റെ വിദ്യാലയത്തിന്റെ – സിരകളെ ത്രസിപ്പിക്കുന്ന, നാടിനെ ചൈതന്യവത്താക്കുന്ന ഉണർവിന്റെ സങ്കീർത്തനങ്ങൾക്ക്, സാങ്കേതികതയുടെ ചൈതന്യ ധാരയ്ക്ക് , ഉദാത്തമായ നേതൃപാടവത്തിന് ,ഹൃദ്യമായ ആശംസകൾ.***

***അഡ്വ എം എസ് ഗോപകുമാർ***
***കൗൺസിലർ***
***കൊല്ലം കോർപ്പറേഷൻ***
***അഞ്ചാലുംമൂട് ഡിവിഷൻ***

# ആശംസകൾ



ഒരു മികച്ച വിദ്യാലയത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാതൃകയാണ് ലിറ്റിൽ കൈറ്റ്സിന്റെ സംഘാടനത്തിൽ ഒരുക്കിയ ഈ ഡിജിറ്റൽ മാഗസിൻ . കുരുന്നു മനസുകളുടെ ഭാവനയെ ദീപ്തമാക്കുവാനും അതിന്റെ പ്രഭ, ഉദാത്തമായ സമൂഹസൃഷ്ടിയ്ക്ക് പ്രാപ്തമാക്കുവാനും ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയും.

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ പട്ടികയിൽ

പ്രഥമസ്ഥാനമലങ്കരിക്കാനുള്ള പ്രയാണത്തിൽ

അഞ്ചാലുംമൂട് ഗവ.ഹയർ സെക്കന്ററി സ്കൂളിന് ഒരു പൊൻതൂവലാണിത്.

വാക്കുകൾക്കതീതമായ ആശംസകൾ.

ഷാജഹാൻ ഇ
പി ടി എ പ്രസിഡന്റ്

# ആശംസകൾ



അഞ്ചാലുംമൂട് ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേട്ടങ്ങളുടെ പട്ടികയിൽ അഭിമാനാർഹമാണ് കച്ഛപി . കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ അർഹിക്കുന്ന പ്രാധാന്യത്തോടെ, സാങ്കേതിക മികവോടെ ആവിഷ്കരിക്കുവാൻ ഈ ഡിജിറ്റൽ മാഗസിനിലൂടെ കഴിയുന്നു.

സർഗ്ഗവസന്തത്തിന്റെ പരിമളം പടരുന്ന ഒരു വിദ്യാലയാന്തരീക്ഷം ഒരുക്കുവാനും, കുരുന്നു ഭാവനകളുടെ പൂത്തിരുവാതിരയ്ക്ക് വേദികൾ നൽകുവാനും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് കഴിയുന്നു. വൈവിധ്യമാർന്ന, കൗതുകകരമായ അറിവുൽസവത്തിന്, ലിറ്റിൽ കൈറ്റ്സിന്റെ അനുകരണീയ നേതൃപാടവത്തിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

ലിബുമോൻ

എസ് എം സി ചെയർമാൻ

# ആശംസകൾ



*അഞ്ചാലുംമൂട് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ,ഒരു ഗ്രാമത്തിനു മുഴുവനും അറിവിന്റെ വിളക്കായി നില കൊള്ളുന്ന പരമ പുണ്യ വിദ്യാലയം.ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു .ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ,ഒരു ഹൈടെക് വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഇന്ധനം നല്കുമെന്നതിൽ സംശയമില്ല.സാങ്കേതികത്തികവിനോടൊപ്പം മാതൃഭാഷയുടെ മൂല്യം കൂടി ഉയർത്തിപ്പിടിക്കാൻ ഈ മാഗസിന് കഴിഞ്ഞു.ലിറ്റിൽ  കൈറ്റ്സിനു മാതൃ പി ടി എ യുടെ പേരിലുള്ള എല്ലവിധ ആശംസകളും നേരുന്നു .*

**രജനി കൃഷ്ണകുമാർ**
*പ്രസിഡന്റ്*
*മദർ പി ടി എ*

# തത്ത്വവും ജീവിതവും

'ശാസ്ത്രം ഗ്രഹിച്ചതുകൊണ്ട് മതിയല്ല

ശാസ്ത്രോക്തമാചരിക്കാതെ ഫലം വരാ "

തത്ത്വശാസ്ത്രങ്ങൾ നമ്മുക്കെല്ലാം നന്നായി അറിയാം. എന്നാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്തിയില്ലെങ്കിൽ ഫലമില്ല. പല മഹാന്മാരും പല ജീവിതതത്ത്വങ്ങൾനമ്മുക്ക് പറഞ്ഞു തന്നിട്ടുണ്ട്.മതഗ്രന്ഥങ്ങളെല്ലാം ഉത്കൃഷ്ടങ്ങളായ ജീവിതതത്ത്വങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇതെല്ലാം നമുക്കറിയാം പക്ഷേ തത്ത്വശാസ്ത്ര പ്രകാരം നാം ജീവിക്കുന്നുവെങ്കിലേ അതിനു പ്രസക്തിയുള്ളൂ. അതു പൂർണ്ണമായി ജീവിതത്തിൽ അനുഷ്ഠിക്കാൻ പ്രയാസമായിരിക്കും. എങ്കിലും അതിനുവേണ്ടി ഒരു ശ്രമമെങ്കിലും നടത്തേണ്ടതാണ്. നമ്മുടെ ഇടയിൽ കാണുന്നത് തത്ത്വശാസ്ത്രം പ്രസംഗിക്കലാണ്. പക്ഷേ അതുമാതൃകയാക്കി മറ്റുള്ളവരെ കൂടി ആ പാതയിലേക്ക് കൊണ്ടുവരാനുള്ള ജീവിതം നയിക്കുന്നവർ എത്ര പേരുണ്ട്? അങ്ങനെയാവരുത് തത്ത്വവും ജീവിതവും. തത്ത്വശാസ്ത്രം പഠിക്കുന്നതോടൊപ്പം അതിനനുസരിച്ച് ജീവിക്കുകയും ചെയ്തില്ലെങ്കിൽ ഫലമില്ല.



അഫ്ന ഫാത്തിമ ജെ എൻ
**9** എഫ്

# പാമ്പിനെ സ്നേഹിച്ച പരുന്ത്

(എന്റെ "പാമ്പിനെ സ്നേഹിച്ച പരുന്ത് " എന്ന കഥയ്ക്ക് ഒരു പ്രത്യേകത ഉണ്ട്. ആ പ്രത്യേകത എന്തെന്ന് വെച്ചാൽ ;സാധാരണ ഒരു കഥയിലോ അല്ലെങ്കിൽ യാഥാർഥ്യം ആണെങ്കിൽ പോലും ഒരു പരുന്ത് പാമ്പിനെ സ്നേഹിക്കുകയോ,പാമ്പ് തിരിച്ച് സ്നേഹിക്കുകയോ ചെയ്യില്ല........ കാരണം ഇവർ ഇരുവരും ശത്രുക്കളാണ്. പരുന്തിന്റെ ആഹാരമാണ് പാമ്പ്. എന്തുകൊണ്ടായിരിക്കും ഒരു പരുന്ത് പാമ്പിനെ സ്നേഹിച്ചതെന്ന് നമുക്കി ചെറുകഥയിലൂടെ മനസിലാക്കാം.

നമുക്ക് അമ്മുവിന്റെയും കുട്ടുവിന്റെയും കഥ വായിച്ച് രസിക്കാം.)

ഒരു ദിവസം രാവിലെ അമ്മുപാമ്പും, കുട്ടുപരുന്തും, മാളു കരടിയും, കൂടി ഒളിച്ചുകളിക്കുകയായിരുന്നു. അങ്ങനെയിരിക്കെ മൂന്ന് സുഹൃത്തുക്കളും കളിയിൽ തോറ്റു കളി അവസാനിപ്പിച്ചു.പിന്നീട് അവർ മണ്ണപ്പം ചുട്ടുകളിച്ചു. ഏറ്റവും കൂടുതൽ മണ്ണപ്പം ചുടുന്നവർക്കു സമ്മാനം ലഭിക്കും. അമ്മുപാമ്പ് വിജയിക്കുകയാണെങ്കിൽ അവൾക്കു ഒരു മുട്ട സമ്മാനം. അതല്ല മാളുകരടിയാണ് വിജയിക്കുന്നതെങ്കിൽ അവൾക് ഒരു മാനിന്റെ മാംസം ലഭിക്കും. ഇവർ ഇരുവരുമല്ല കുട്ടു പരുന്താണ് വിജയിക്കുന്നതെങ്കിൽ അവനു എന്ത് സമ്മാനമാണ് വേണ്ടത് എന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞു എനിക്ക് അമ്മുപാമ്പിനെ കല്യാണംകഴിച്ചു തരണം എന്ന്..... അങ്ങനെ അവർ മൂവരും സമ്മാനങ്ങളെ പറ്റിയും ആലോചിച്ചു സമ്മതിച്ചു.അങ്ങനെ അവർ മത്സരം ആരംഭിച്ചു. അമ്മുപാമ്പ് എഴ് മണ്ണപ്പവും, മാളു കരടി അഞ്ചു മണ്ണപ്പവും,നമ്മുടെ കുട്ടു പരുന്ത് പത്തു മണ്ണപ്പവും ചുട്ടു. പക്ഷെ കുട്ടു പരുന്തിന്റെ മണ്ണപ്പത്തിന് ഒരു കുഴപ്പമുണ്ടായിരുന്നു. എന്താണെന്നോ!..... അത് അമ്മുപാമ്പു തന്റെ ഏഴു മണ്ണപ്പവും വൃത്താകൃതിയിലും,മാളുകരടി തന്റെ അഞ്ചു മണ്ണപ്പവും വൃത്താകൃതിയിലും ആയിരുന്നു ഉണ്ടാക്കിയിരുന്നത്. പക്ഷെ കുട്ടു പരുന്ത് തന്റെ പത്തു മണ്ണപ്പവും ഹൃദയത്തിന്റെ ആകൃതിയിലാണ് ഉണ്ടാക്കിയിരുന്നത്. ആ ഹൃദയത്തിന്റെ ആകൃതിയിലുള്ള മണ്ണപ്പത്തിന്റെ മുകളിൽ അവൻ അമ്മു എന്ന് എഴുതിയിരിക്കുകയാണ്. കുട്ടു പരുന്ത് ആവേശത്തോടെ നീട്ടി അലറി. തന്റെ വിജയമാണിതെന്നും. തനിക്ക് തരാമെന്നു പറഞ്ഞ സമ്മാനം തരു എന്നും കുട്ടു പരുന്ത് പറഞ്ഞു. തന്റെ സമ്മാനം അമ്മു പാമ്പിനെ വിവാഹം കഴിക്കണം എന്നതായിരുന്നു. അങ്ങനെ അമ്മു പാമ്പും കുട്ടു പരുന്തും വിവാഹിതരായി മാറി. ഇരുവർക്കും സന്തോഷമായി. അവർ വളരെ സന്തോഷത്തോടെ ജീവിക്കുന്നു.

***--------------***----------

കഥ തുടരും..

(എന്റെ ഈ ചെറുകഥ എല്ലാവർക്കും ഇഷ്ടപെടുന്ന തരത്തിലുള്ളതാണ്. എല്ലാവരും ഈ കഥ വായിച്ചു രസിക്കുക. ഈ കഥ എല്ലാവർക്കും ഇഷ്ടപെടുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ഈ ചെറുകഥ വായിക്കാൻ മറക്കരുത്...)

അഞ്ജലി.ജെ
6.ഡി

കവിത

# പുഷ്പത്തിന് എന്തിനീ മൗനം.....

പുലർകാലം എത്തുന്നതും
കാത്തിരിക്കുന്ന പുഷ്പമേ നിന്റെ
മൗനത്തിനെന്നുണ്ടൊരന്ത്യം......

മന്ദം മന്ദമായി വീശും കാറ്റിൽ
പാറുന്നു മന്ത്രത്താൽ മുരളുന്ന
മധുപങ്ങൾ,

നിൻ മധു നുകരാൻ മോഹിച്ചു വന്നെത്തിടുമാ വേളയിൽ
നിനക്കെന്തിനീ മൗനം.....

പീയുഷംപോൽ ഒഴുകും നിൻ
സൗന്ദര്യം ഒരു ലഹരിയായി
മന്നിൽ നിറയവെ.....

നിൻ ഓജസ്സ് തുളുമ്പുന്ന മുകുളം
നുള്ളിയെടുക്കും നേരത്തും
നിൻ മൗനത്തിനെന്തേ അന്ത്യമില്ല.....

പുലർകാലം എത്തുന്നതും
കാത്തിരിക്കുന്ന പുഷ്പമേ നിന്റെ മൗനത്തിനെന്നുണ്ടൊരന്ത്യം....
------------ -------- ----------

പാർവതി. ബി
**9.**ഡി

അനുഭവ കുറിപ്പ്

# അനിയത്തിയും വരിക്ക ചക്കയും

എനിക്കൊരു അനിയത്തി ഉണ്ട്...മെലിഞ്ഞ ഒരു കോലുമ്പി പെണ്ണായിരുന്നു... എന്നാൽ ആഢ്യത്വമുള്ള സംഭാഷണമാണ് അവളുടെത്.. എന്തും തുറന്നടിക്കുന്ന പ്രകൃതമാണ് അവളുടെത്.. പിള്ളമനസ്സിൽ കള്ളമില്ലന്ന കണക്കൊരു പെണ്ണ്.. ജോലി ടീച്ചറാണ്.. പത്തനംതിട്ട സീതതോട്ടിലാണ് സ്കൂൾ.. അവിടെ ഒരു കുറുമ്പനെ കെട്ടി താമസം.. അന്നൊക്കെ ശനിയും ഞായറും അവൾ വീട്ടിൽ ഉണ്ടാകും.. (ശനിയാഴ്ച വൈകിട്ട് വന്നിട്ട് ഞായറാഴ്ച വൈകിട്ട് പോവും)ഞങ്ങൾക്ക് ഓണം പോലെയാണ് ആ ദിവസങ്ങൾ... ഒത്തിരി പറയാനുണ്ടാകും.. ഒരു ഞായറാഴ്ച വൈകിട്ട് പോകാൻ തുടങ്ങുമ്പോൾ മുറ്റത്തൊരു വരിക്ക ചക്ക നാലായി കീറി വച്ചിരിക്കുന്നു... അവൾ ബാഗ് ദൂരെ എറിഞ്ഞു ഒരു സ്റ്റൂൾ വലിച്ചിട്ടിരുന്ന് ഒരു മാന്ത് കഴിച്ചു.. ആരോ പറഞ്ഞു, ചക്കയുടെ വാടയടിക്കില്ലേ? അതിൽ അവൾ പറഞ്ഞ മറുപടിയാണ് ഈ കഥക്ക് ആധാരമായത്.. കേരള ത്തിന്റെ മാധുര്യം ഏറിയ ചക്കയ്ക്കു വാടയാണെന്നോ? ഇതാണ് യഥാർത്ഥ മണം... ഇത് ഇഷ്ടമില്ലാത്ത മലയാളിയെ എനിക്ക് പുച്ഛമാണ്... കയ്യിൽ അല്പം വെളിച്ചെണ്ണയും പുരട്ടി ബാഗും എടുത്ത് അവൾ യാത്രയായി. അന്നുമുതൽ എവിടെ ചക്ക കണ്ടാലും ഞാൻ കഴിക്കും. ചക്കക്ക് കേരളത്തിന്റെ മണമാണ്.. എന്റെ അനിയത്തിയുടെയും..... ചക്ക കഴിക്കുമ്പോൾ ഒക്കെയും അവളും എനിക്കൊപ്പം ഉണ്ടാകും അവളുടെ സ്നേഹവും അതിലുണ്ടാകും.

എം പി ചന്ദ്രദത്തൻ
അധ്യാപകൻ
ഫിസിക്കൽ എഡ്യൂക്കേഷൻ

സന്ദേശം

## വിലപ്പെട്ട ദിനങ്ങൾ

ഒരു ദിനം  തുടങ്ങുന്നത്  മനോഹരമായാണ്. ഇലകൾ എല്ലായിടത്തും മിന്നി മിന്നി കൊണ്ടുള്ള പ്രകാശം നൽകുന്നു. ഞാൻ എന്റെ പൂന്തോട്ടത്തിൽ നിൽക്കുമ്പോൾ എനിക്ക് തോന്നുന്നത് ഞാൻ സ്വർഗത്തിൽ നിൽക്കുന്നത് പോലെയാണ്. പൂക്കൾ തിളക്കം ഉള്ള ഇതളുകളുമായി എന്നെ നോക്കി ചിരിച്ചു കൊണ്ട് ഒരു നല്ല ദിനം ആശംസിക്കുന്നു. ഞാൻ ഒറ്റയ്ക്കു എന്റെ പൂന്തോട്ടത്തിൽ കൂടെ  നടക്കുമ്പോൾ ഞാൻ താഴേക്കു വീണു. പക്ഷെ എനിക്ക് വേദനിച്ചില്ല, കാരണം എന്റെ ചുറ്റും ഉള്ള പൂക്കൾ എനിക്ക് മധുരം ആയ സുഗന്ധം നൽകിയത് കൊണ്ട്. ആ പൂക്കൾ നിങ്ങളോട് ഒരുപാട് കഥകൾ പറയും.  അപ്പോൾ ആ പൂക്കളെ പോലെ നല്ല ഒരു ദിവസം  ആയിരിക്കും  നിങ്ങൾക്കും.

ആരതി.ആർ

**9.**എച്ച്

# *ചിരിയും ചിന്തയും*

ഒരു  മനുഷ്യന്റെ ഓർമകുറിപ്പുകളിൽ ഏറ്റവും പ്രധാനം ആയ ഒരിടം തന്റെ വിദ്യാഭ്യാസ ഘട്ടം ആണെന്നാണ് എനിക്ക് തോന്നുന്നത്. സ്കൂൾ നാളുകളിലെ ശിക്ഷ അനുഭവങ്ങളും ജീവിതാവസാനം വരെ  അങ്ങനെ പിന്തുടരും...... . കളിയും ചിരിയും ഭയവും ഇണക്കവും പിണക്കവും കണ്ണുനീരും ഒക്കെ ചേർന്ന വികാരങ്ങൾ എല്ലാത്തിന്റെയും കലവറ ആണ് സ്കൂൾ ജീവിതം. തീർച്ചയായും 3000 ത്തോളം കുട്ടികൾ പഠിച്ച എം. ജി. റ്റി. എച്. എസ് എന്ന ആ സ്കൂളിന്റെ മുറ്റത്തു എത്രയോ തവണ എന്റെ കാലുകൾക്കൊപ്പം   കണ്ണുനീരും വീണിട്ടുണ്ട്. അങ്ങേ അറ്റം അച്ചടക്ക നടപടി ഉണ്ടായിരുന്ന ആ വിദ്യാലയം അറിവിലും കലയിലും സാമൂഹ്യ സേവനങ്ങളിലും മുൻപന്തിയിൽ ഉണ്ടായിരുന്നു. സ്കൂൾ കാലഘട്ടത്തിൽ ഞാൻ ഏറ്റവും ഭയപ്പെട്ടത് ഞങ്ങളുടെ കണക്കു ഹിന്ദി അധ്യാപകരെ ആയിരുന്നു. മറ്റെല്ലാം വിഷയത്തിൽ പൊതുവെ സാമാന്യം നല്ല മാർക്ക് നേടിയെടുക്കാൻ സാധിച്ചു. എന്റെ പഠന നിലവാരം ഉയർത്താൻ വേണ്ടി അവരെല്ലാം തന്നിരുന്ന ശിക്ഷകൾ പലപ്പോഴും അവരുടെ ഉദ്ദേശശുദ്ധി മനസിലാക്കാതെ ഭയപ്പാടിലേക്കു എന്നെ നയിച്ചിരുന്നു . ഏതെങ്കിലും പാഠങ്ങൾ കാണാതെ പഠിക്കാൻ പറയുന്ന ദിവസങ്ങളിൽ ഉറക്കം വീഴാതെ കിടക്കുമ്പോൾ കണക്കു ടീച്ചറിന്റെ തലയിൽ ബോംബ് വീഴാൻ വേണ്ടി പോലും ഞാൻ പ്രാർത്ഥിച്ചു. നിഷ്കളങ്കമായ ബാല്യത്തിൽ പകുത

ഇല്ലാത്ത  ചിന്തകൾ . ഇന്ന് ഓർക്കുമ്പോൾ മനസ്സിൽ ചിരി ഉണർത്തുന്നു. ഒപ്പം അത്തരം ശിക്ഷ എന്നെ കൈ പിടിച്ച ഉയർത്തിയ ആ നല്ല അധ്യാപകരെ നന്ദിയോട് അല്ലാതെ ഓർക്കാൻ കഴിയുന്നില്ല. ഞങ്ങൾ നിഷ്കളങ്കത ഉള്ളവർ ആയി വളരട്ടെ പഠിക്കട്ടെ. ശിക്ഷയുടെ അവശ്യകത അധ്യാപകരോട് ബഹുമാനം അവരിൽ നിറയട്ടെ.



രാധാമണി

രക്ഷകർത്താവ്

അഞ്ജന. ആർ

**9.എഫ്**

കഥ

# ജന്മദിനം

"എന്താ കല്യാണിയമ്മേ പതിവില്ലാതെ അമ്പലത്തിലൊക്കെ പോയത്?"

"ഓ.... ഇന്ന് ഉത്രാടമല്ലേ? അമ്പലത്തിലൊക്കെയൊന്ന് പോയി വരാമെന്ന് കരുതി. "

" പറഞ്ഞപോലെ ഇന്നല്ലെ കല്യാണിയമ്മയുടെ പിറന്നാൾ?എന്റെ ജന്മദിനാശംസകൾ."

ഈശ്വരാ..... നിനക്കത് ഓർമ്മയുണ്ടോ ?"

നമ്മുക്ക് വേറെന്ത് ഓർക്കാൻ ? മക്കളും കുടുംബവും ആയിട്ട് ചില വിട്ട അപൂർവ്വം ചില ഓർമ്മകൾ.....

പിന്നെ നാളെ ഓണമല്ലേ ? രാജുവരുമോ കല്യാണിയമ്മേ ?

"പിന്നെ വരാതെ ! അവൻ കത്തിൽ പ്രത്യേകം പറഞ്ഞിരുന്നു ഈ ആണ്ട് ഓണത്തിന് വരുമെന്ന് എന്റെ പിറന്നാളിന് അവൻ ഉറപ്പായിട്ടും ഇവിടെ കാണും."

ചുമ്മാതല്ല കല്യാണിയമ്മയുടെ മുഖത്തൊരു സന്തോഷം. ഞാൻ അങ്ങോട്ട് ചെല്ലട്ടേ.... "

ജാനകിയമ്മ മടങ്ങി . കല്യാണിയമ്മ തന്റെ തടിപ്പെട്ടിയിൽ നിന്ന് ഒരു കത്ത് എടുത്തു തന്റെ മകൻ തനിക്കയിച്ച കത്ത്. ആ കത്ത് സ്വന്തം നെഞ്ചോട് ചേർത്തുവെച്ച് കല്യാണിയമ്മ ജനാലയിലൂടെ പുറത്തെ വിജനമായ വഴിയും നോക്കിയിരുന്നു.എത്രനേരം അവർ അങ്ങനെ ഇരുന്നു എന്ന് അറിയില്ല സമയം കടന്നുപോയ്ക്കൊണ്ടിരുന്നു..... കല്യാണിയമ്മ അവിടെ നിന്ന് അനങ്ങിയില്ല.

ആകാശം ഇരുണ്ടു . നക്ഷത്രങ്ങൾ കൺചിമ്മി . എന്നാൽ കല്യാണിയമ്മയ് ക്ക് ഒരു മാറ്റവും ഉണ്ടായിരുന്നില്ല ഒരു തുള്ളി വെള്ളം പോലും കുടിക്കാതെ അവർ സ്വന്തം മകനായി കാത്തിരുന്നു . നേരം വൈകിയപ്പോൾ ജാനകിയമ്മ അവരോട് പറഞ്ഞു " ഇന്നി കാത്തിരുന്നിട്ട് കാര്യമില്ല രാജു ഇന്നിനി വരാൻ പോകുന്നില്ല കല്യാണിയമ്മ ഉറങ്ങാൻ നോക്ക്

കല്യാണിയമ്മ ഒന്നും പറഞ്ഞില്ല . അവർ മിണ്ടാതെ കട്ടിലിൽ പോയി കിടന്നു.അവർ കരഞ്ഞില്ല. മകനു വേണ്ടിയുള്ള കാത്തിരുപ്പ് അവർക്ക് ഒരു പുതുമ അല്ലായിരുന്നു. ഈ നിരാശ അവർക്ക് പരിചിതമായിരുന്നു. അവർ ഉറങ്ങാൻ ശ്രമിച്ചു.

ഒരു ഓണം കൂടി നിശബ്ദമായി കടന്നു പോയി. പിന്നെയും ഒരു പാട് നാളുകൾ കടന്നു പോയി.. പക്ഷേ രാജു മാത്രം വന്നില്ല.... ഒടുവിൽ അയാൾ എത്തി .മകനു വേണ്ടിയുള്ള കാത്തിരിപ്പ് മതിയാക്കി ആ അമ്മ മടങ്ങിയപ്പോൾ .കല്യാണിയമ്മയുടെ വെള്ള പുതച്ച ശരീരം ചിതയിൽ വെയ്ക്കാൻ .മരണാനന്തര കർമ്മങ്ങൾ നിർവഹിച്ച് അപ്പോൾ തന്നെയുള്ള വിമാനത്തിൽ രാജു തന്റെ തിരക്കിന്റെ ലോകത്തേയ്ക്ക് മടങ്ങി

വർഷങ്ങൾ പിന്നേയും ഒരുപാട് കടന്നു പോയി... ഋതുക്കൾ പലകുറി മുഖം മാറി മാറി വന്നു. പുതിയ കണ്ടുപിടുത്തങ്ങൾ മനുഷ്യനെ ഒരുപാട് ഉയരങ്ങളിൽ എത്തിച്ചു... ജീവിതം കുറേക്കൂടി സുഖകരമായി മനുഷ്യർക്ക് അനുഭവപ്പെടാൻ തുടങ്ങി. ബന്ധങ്ങൾ ബന്ധനങ്ങളായി.. അവയ്ക്ക് മനുഷ്യന് യാതൊരു വിലയുമില്ലാതെയായി

....

ഭൂമിയുടെ ഏതോ ഒരു കോണിൽ രാജു ഒരു കമ്പ്യൂട്ടറിനു മുന്നിലിരിക്കുകയാണ്. ഇന്ന് തന്റെ 64-ാം ജന്മ ദിനമാണ് .മകൻ സ്കൈപ്പിൽ വരാം എന്ന് മെസേജ് അയച്ചിരുന്നു. അതിനായി കാത്തിരിക്കുകയാണ്. പക്ഷേ സൂര്യൻ അസ്തമയത്തിലേയ്ക്ക് കടന്നിട്ടും മകനെ മാത്രം ഒരു നോക്ക് കാണാൻ കഴിയാതെ ക്ഷീണിതനായ ആ പിതാവ് കമ്പ്യൂട്ടർ ഓഫാക്കി എഴുന്നേറ്റു.

ഒടുവിൽ കൺപോളകളിൽ ക്ഷീണം കനം തൂങ്ങി താനെ അടയാൻ തുടങ്ങി ആ അർദ്ധമയകത്തിൽ അയാൾ ഒരു മങ്ങിയ രൂപം കണ്ടു . ആ രൂപം തന്റെ അരികിലേക്ക് വന്നു തന്നെ തലോടി . തന്നെ നെഞ്ചോട് ചേർത്തുവെച്ച് ആ രൂപം രാജുവിനോട് പറഞ്ഞു " എന്റെ മകന് അമ്മയുടെ ഒരായിരം ജന്മദിനാശംസകൾ ....."

"അമ്മേ! " അയാൾ ഞെട്ടിയെഴുന്നേറ്റു . ചുറ്റും നോക്കി . അയാൾ കസേരയിൽ ചാരി കിടന്നു . തന്റെ അമ്മയുടെ വേർപാട് ആദ്യമായി അയാളെ ഒരുപാട് തളർത്തി അയാൾ കസേരയിൽ നിന്ന് എഴുന്നേറ്റു . അലമാരയിൽ നിന്ന് ഒരു ചിത്രം പൊടി തട്ടി എടുത്തു .

താനും അച്ഛനും അമ്മയും തന്റെ കുടുംബം ... ആ പഴയ ചിത്രം പൊടി തട്ടിയെടുത്തപ്പോൾ മനസ്സിൽ എന്തെന്നില്ലാത്ത ഒരാശ്വാസം.. ഒരാനന്ദം.ആ ചിത്രം തന്റെ നെഞ്ചോട് ചേർത്തു വച്ച് തന്റെ മാതാപിതാക്കളുടെ ഒർമ്മളിൽ അയാൾ ഉറങ്ങാൻ കിടന്നു.



**ഗൗരി നന്ദന ബി എസ്**

**9** ഐ

# കുട്ടിക്കൂട്ടം

പള്ളിക്കൂടം അടച്ചു പിള്ളേർ
പാട്ടും പാടിയിറങ്ങി
കലപില കലപില ശബ്ദം കൂട്ടി
കുട്ടിക്കൂട്ടമിറങ്ങി
വയലുകളിൽ പാട വരമ്പുകളിൽ
വിളയാടി നടന്നു രസിച്ചു
ഒന്നിച്ചാടിപാടിയവർ
ഒന്നായ് കളിച്ചു രസിച്ചു
ഒന്നിച്ചുണ്ടുറങ്ങിയവർ നാം
ഒന്നെന്നവർ പാടിനടന്നു
ജാതിയില്ല മതവുമില്ല അവരിൽ
സൗഹൃദമെന്നൊരു ബന്ധംമാത്രം
പാരിൽ എന്നും നിലനിന്നിടും
സ്നേഹം എന്നൊരു ബന്ധം മാത്രം.



അശ്വതി.എം.എൽ
**9 എഫ്**

# " മഴവില്ല്"

"മാനത്തുണ്ടോരു മഴവില്ല്, ഭംഗിയുള്ളൊരു മഴവില്ല്,
മഴയുടെ കൂടെ പാറിനടക്കും,
മേഘപാളിയിൽ ഒളിച്ചിരിക്കും,
വലിയൊരു വില്ല് , മഴവില്ല്.
ഏഴു നിറവും കൊണ്ടുനടക്കും
സപ്തനിറങ്ങൾ മഴവില്ല്. മിന്നിത്തിളങ്ങും മഴവില്ല്,
ആകാശത്തൊരു മഴവില്ല്,
കാണാനെന്തൊരു ചേലാണ്,
എന്റെ സ്വന്തം മഴവില്ല്.



# തീവണ്ടി

" ഓടി വരുന്നു
ചാടി വരുന്നു
ആടി വരുന്നു തീവണ്ടി ;
ആളുകൾ കയറും തീവണ്ടി.
ദൂരെയെല്ലാം പോയിടും
സ്റ്റേഷനില്ലെല്ലാം നിന്നീടും,
പച്ച കണ്ടാൽ നീങ്ങീടും.
ചുവപ്പ് കണ്ടാൽ നിന്നീടും.
എന്തൊരു നീളൻ തീവണ്ടി.
കൂച്ചു, കൂച്ചു വണ്ടി
തീവണ്ടി.......

**ലിനു എൽ യു**

**6 ഇ**

## ക്വിസ്

1. എത്ര മലയാളികൾ ഇന്ത്യയുടെ രാഷ്ട്രപതിമാരായിട്ടുണ്ട്.?

2.കേരളം എത്ര സംസ്ഥാനങ്ങളുമായി അതിരു പങ്കിടുന്നുണ്ട്?

3.എത്ര ടീസ്പൂൺ കൂടുന്നതാണ് ഒരു ടേബിൾ സ്പൂൺ?

4.വേദങ്ങൾ എത്ര?

5.ഗാന്ധിജി എത്ര പ്രാവശ്യം കേരളം സന്ദർശിച്ചിട്ടുണ്ട്?

6. ഇന്ത്യയെക്കാൾ വിസ്തീർണം കൂടിയ രാജ്യമെത്ര ?

7.ജലത്തിന്റെ പി.എച്ച്. മൂല്യം എത്ര?

8.സൗരയൂഥത്തിൽ ഗ്രഹങ്ങൾ എത്ര?

9.കേരളത്തിലെ എത്ര ജില്ലകൾക്ക് കടൽത്തീരമുണ്ട്?

10.ഒരു സെ. മീ. എത്ര മില്ലിമീറ്റർ ആണ്?

11.ഫുട്ബോൾ ടീം അംഗങ്ങളുടെ എണ്ണം?

12.ഒരു അടി എത്ര ഇഞ്ച് ആണ്?

13.എത്രാമത്തെ കേരള നിയമസഭ ആണ് നിലവിൽ ഉള്ളത്?

14.കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ എണ്ണം?

15. വാഹനങ്ങൾ ഒറ്റതവണ നികുതി അടക്കുന്നതു എത്ര വർഷത്തെക്കാണ്?

16.ഒരു ഷട്ടിൽ കൊക്കിൽ എത്ര തൂവലുകൾ ആണ് ഉള്ളത്?

17.ഇന്ത്യൻ കറൻസികളിൽ ആകെ എത്ര ഭാഷകളിൽ മൂല്യം എഴുതിയിട്ടുണ്ട്?

18.മഹാഭാരതത്തിനു എത്ര പർവങ്ങൾ ഉണ്ട്?

19.എത്രാമതു കോമൺവെൽത്ത് ഗെയിംസാണ് 2010 ൽ ഇന്ത്യയിൽ നടന്നത്?

20.20.20 ക്രിക്കറ്റിൽ എത്ര ഓവറുകളാണ് ഉള്ളത്?

21.മഹാത്മാഗാന്ധി എത്ര വർഷം ദക്ഷിണാഫ്രിക്കയിൽ ചിലവഴിച്ചു?

22.ഇന്ത്യൻ സംസ്ഥാനങ്ങളിൽ വലുപ്പത്തിൽ കേരളത്തിന്റെ സ്ഥാനമെത്ര?

23.മനുഷ്യനിൽ എത്ര ജോഡി ക്രോമോസോമുകൾ ഉണ്ട്?

24.ദേശീയ പതാകയിലുള്ള ചക്രത്തിൽ ആരക്കാലുകൾ എത്ര?

25.എം. എൽ. എ.ആകാൻ എത്ര വയസ്സ് തികഞ്ഞിരിക്കണം?

ചോദ്യ നമ്പരുകൾ തന്നെയാണ് ഉത്തരങ്ങൾ.

തയ്യാറാക്കിയത്

ഹന്ന എൽസ ഷിജു

**9.**എച്

# എന്റെ അമ്പിളി കവിത

മാനത്തു നല്ലൊരു തിങ്കൾ പിറന്നു ,
പൊന്നിൻ കുടം പോലെ തിങ്കൾ പിറന്നു.
പാൽനിലാ പുഞ്ചിരി എങ്ങും പരന്നു .
നക്ഷത്ര കുഞ്ഞുങ്ങൾ ച്ചുറ്റും നിറഞ്ഞു.
പൗർണമി രാവിലാ മാനത്തെ മുറ്റം ,
പൊന്നോണ പൂക്കളമായി മാറി.
ഒരു പൊന്നോണ പൂക്കളമായി മാറി.

ഹന്ന എൽസ ഷിജു
**9.**എച്

# ക്വിസ്

1.യു.എൻ-ൽ ആദ്യമായി മലയാളത്തിൽ പ്രസംഗിച്ചതാരാണ്?

മാതാ അമൃതാനന്ദമയി

2. ലോകത്തിലാദ്യമായി റോക്കറ്റ് സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തെവിടെ ?

ചൈന

3. ചന്ദ്രനിൽ ആകാശത്തിന്റെ നിറമെന്ത്?

കറുപ്പ്

4. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടം ഏത് രാജ്യത്തിന്റേതാണ്?

ദുബായ്

5.ലോകസഭയിലെ സീറോ അവറിലെ പരമാവധി സമയമെത്ര?

ഒരു മണിക്കൂർ

6.കേരളം എറ്റവും കൂടുത്തൽ അതിർത്തി പങ്കിടുന്ന സംസ്ഥനമേത്?

തമിഴ്നാട്

7. ഒളിംപിക്സിൽ 1000 സ്വർണം നേടിയ രാജ്യം ഏതാണ്?

യു.എസ്.എ.

തയ്യാറാക്കിയത്

**അനശ്വര**

## കടങ്കഥകൾ

1. അക്കരെ നില്ക്കും തുഞ്ചാണി ഇക്കരെ നില്ക്കും തുഞ്ചാണി = കൺപീലി

2.അങ്ങ് കിടക്കണ മന്തൻ കാളയ്ക്കെത്തറ നീണ്ട മുടികയര് =മത്തൻ

3. അകത്ത് പോയപ്പോൾ പച്ച പുറത്ത് വന്നപ്പോൾ ചുവപ്പ് =വെറ്റില മുറുക്ക്

4. അകത്ത് തിരിതെറുത്തു പുറത്ത് മുട്ടയിട്ടു =കുരുമുളക്

5. അച്ഛൻ തന്നൊരു ചോറ്റുരുള്ള തിന്നിട്ടും തീരണില്ല =അമ്മിക്കുയ

6.ഒരമ്മ പെറ്റമക്കളെലാം തൊപ്പിക്കാർ = അടയ്ക്ക

7.ഒരാളെ ഏറ്റാൻ മുന്നാള് =അടുപ്പ്

8.ഒരു കുപ്പിക് രണ്ടു കുഴി =മൂക്ക്

9. ഒറ്റക്കണ്ണൻ കുതിച്ചു പാഞ്ഞു =തീവണ്ടി

10.ഒരു മണ്ണിനെല്ലോണ്ടറ നിറഞ്ഞു = വിളക്കിന്റെ പ്രകാശം

11.ഒറ്റക്കാലൻ ചന്തയ്ക്ക് പോയി =കുട

12.ഒരമ്മ കുളിച്ചു വരുമ്പോൾ പിന്നാലെ ആയിരം തുള്ളികൾ =മുടി

13.ഒരമ്മ പെറ്റതൊക്കെ കറുത്ത പട്ടാളം =കട്ടുറുമ്പ്


14.ഒരു മുറം മലരിലൊരു തേങ്ങാക്കൊത്തു =ചന്ദ്രകല

നാസില

കവിത

## ജന്മം

ഈശ്വരന്റെ വികൃതിയിലൊരുവൾ ,ഞാനും
പിറവിയെടുത്തു,എന്തിനോവേണ്ടി
വിഴുപ്പുചുമക്കുവാൻ
മാത്രമൊ ഈ ജന്മം
അറിയില്ല,പറയില്ലൊരുനാളും,ഉള്ളി-
ലെന്തിനൊ,കേഴുന്നെൻ ഹൃദയം,
കൊണ്ടുപോകാനില്ലൊന്നും,എങ്ങും എവിടെയും
ശ്വാസവും വെള്ളവും,ഒരിറ്റു
സ്നേഹവും മാത്രമെൻ സ്വപ്നം
പ്രാർത്ഥന ദൈവം
കേൾക്കുമാറാകട്ടെ,
ഞാനായി ദ്രോഹം ആർക്കും
വരുത്തല്ലെ
എൻ പിഞ്ചോമനതൻ
കുഞ്ഞുവാക്കുകൾ,സ്നേഹ
മഴയായ് പൊഴിയുമെൻ
കാതുകളിൽ
എന്റെ ശ്വാസവും സ്പർശവും
എല്ലാം അവൾതന്നെ
അവൾ മാത്രം...



**ശ്രീദേവി**

അദ്ധ്യാപിക

നാച്ചുറൽ സയൻസ്

കവിത


# പുരയ്ക്കുള്ളിലെ വാർദ്ധക്യം

നാലു ചുമരുകൾക്കുള്ളിൽ കെടാവിളക്കിൻ മുൻപിൽ കാലും നീട്ടിയിരിക്കുകയാണ്
വാർദ്ധക്യത്തിന് തോഴി

ഓർക്കുന്നുണ്ടാവാം അവർ തൻ മധുര കാലം ഈ കൊട്ടും യാതന പേറുമ്പോഴും

ഓർക്കുവാൻ പോലും വയ്യാതെയാണിന്ന് ഓടയിൽ കിടന്ന് ചിതലരിക്കുന്നപ്പോൾ.

എന്തുകൊണ്ടെന്നെ ഏകയാക്കി എൻ പ്രാണനാം പ്രിയ പൈതങ്ങൾ
പാടിയുറക്കിയതല്ലയോ ഞാനെൻ പ്രാണന പോലെ പൊന്മക്കളെ



പാതിര നേരവും പകൽ പോലെ പാരിന്റെ
പലമുഖം കണ്ടു ഞാൻ ഇന്നോളവും

പൊട്ടിക്കരയുവാൻ ആകാതെ
പട്ടിണിക്കെട്ടി പുണരുന്ന കാലത്തിലും
തുമ്പയും പേറി ഞാൻ പോകുമാ
പാടവരമ്പിൻ നെറുകയിൽ
ഇന്നുമാ ഓർമകൾ മാത്രമാണ് എന്റെ
നരകജീവിതത്തിൻ ഏകാശ്രയം

പൊട്ടിയ വള്ളിപ്പോൾ വീണുപോയ് ഞാൻ
കൂട്ടികെട്ടാനായ് ശ്രമിച്ചിടുമ്പോൾ

കാണികൾ കൈകൊട്ടി ചൊല്ലിടുന്നു
എന്തിനീ ജീവിതം നരകതുല്യം

നരകതുല്യം തന്നെ വാർദ്ധക്യം പക്ഷെ
മാറിലേറ്റാൻ ആരും ഇല്ലെങ്കിലും തന്റെ
ജീവിതം
ഇന്ന് നാകമോ ... നരകമോ ....

**അനഘ എസ് ലാൽ**
**10 ജി**

# *മലയാളത്തിലെ ആദ്യ കൃതികൾ*

1. മഹാകാവ്യം - രാമചന്ദ്രവിലാസം
2. സന്ദേശ കാവ്യം - ഉണ്ണുനീലി സന്ദേശം
3. നോവൽ - കുന്ദലത
4. ചരിത്ര നോവൽ - മാർത്താണ്ഡവർമ്മ.
5. ലക്ഷണമൊത്ത നോവൽ - ഇന്ദുലേഖ.
6. സൈബർ നോവൽ - നൃത്തം.
7. ഓഡിയോ നോവൽ - ഇതാണ് എന്റെ പേര്
8. തുള്ളൽ കൃതി - കല്യാണസൗഗന്ധികം.
9. പാട്ട് കൃതി - രാമചരിതം.
10. രാഷ്ട്രീയ നാടകം - പാട്ടബാക്കി.



അക്ഷയ് എസ്
9 ഡി

# സ്വപ്നം

എന്റെ പകലുറക്കത്തിലും
രാത്രിയുടെ
യാമങ്ങളിലും
ഞാൻപോലുമറിയാതെ
കടന്നു വന്നൊരെൻ അതിഥി  യാണുനീ

നിന്റെ വരവ് ഞാനറിയുന്നു
നിന്റെ മടക്കം ഞാനറിയുന്നില്ല
നീ നൽകുന്ന സുഖത്തിൽ ഞാൻ അറിയാതെ മയങ്ങുന്നു
പുലരുവോളം..........
സ്വപ്നമേ... ചിറകുകളില്ലാത്ത ശലഭമേ.....
നീ പറന്നു ആകാശവും കടന്ന് സ്വർഗാനുഭൂതിയിൽ എന്നെ കൈ പിടിച്ചു
നയിക്കുന്നത് എവിടേക്ക്

ആരുടെ അടുത്തേയ്ക്കാണ് ഈ യാത്ര...
എന്റെ പ്രിയപ്പെട്ടവരുടെ അരുകിലേക്കോ
അതോ എന്നെ സ്നേഹാഹിക്കുന്നവരുടെ അടുക്കലേക്ക
ഹാ ! വിധൂരമീ യാത്ര

പക്ഷെ നിന്നോടൊപ്പമുള്ള യാത്ര
എത്ര സുഖദായകമാണ് പ്രിയസഖി........
നീ എനിക്ക് അമൂല്യമായ ഒന്നാണ്
എന്നിലെ എന്നെയും എന്റെ ആഗ്രഹങ്ങളെയും

നീ കാട്ടി തരുന്ന നിന്റെ മായാ വിലാസത്തിലൂടെ
അവിടെ ഞാൻ ആരൊക്കെയോ ആകുന്നു
അവിടെ പ്രതീക്ഷകൾ,
ആഗ്രഹങ്ങൾ,
എല്ലാം അതിന്റെ പരിപൂർണ്ണതയിൽ

ഒന്നുറങ്ങി എഴുന്നേക്കുമ്പോൾ
എല്ലാം സ്വപ്നമെന്നറിയുമ്പോൾ...
നീ എനിക്കൊരു നഷ്ട്ട സ്വപ്നമാകുന്നു..
പ്രിയസഖി........



**ജെസ്ന ഫാത്തിമ എൻ**

**+1 G1**

# <u>അമ്മ കൂടെയുണ്ട്</u>

ചോരവാർന്ന് റോഡിൽ കിടന്ന് ദിലീപിനെ ആരൊക്കെയോ കൂടി ആശുപത്രിയിലെത്തിച്ചു.അവർ അയാളുടെ ഫോണിൽ നിന്ന് സുമയുടെ നമ്പർ എടുത്തു വിളിച്ചു .അവൾ ഫോണെടുത്തു, വിവരം പറഞ്ഞ ശേഷം പിന്നീട് ഫോൺ വിളിച്ചിട്ട് പ്രതികരിക്കുന്നുണ്ടായിരുന്നില്

താൻ രണ്ടു മാസങ്ങൾക്ക് മുമ്പ് മരിച്ചു .തന്റെ അമ്മ തന്നിൽ നിന്ന് വേർപെട്ട ദിവസം .അമ്മ അല്ല എന്നെ ജീവനായിരുന്നു അമ്മ. സ്നേഹത്തോടെ അമ്മയെ കടൽ കാണാൻ എന്ന വിധേന കടൽ തീരത്ത് ഉപേക്ഷിച്ച് ഞങ്ങൾ കടന്നു.ഭാര്യയുടെ നിർബന്ധപ്രകാരം ആരെങ്കിലും തന്റെ ജീവനെ ഉപേക്ഷിക്കാൻ തയ്യാറാകുമോ...? താനാണ് തെറ്റുകാരൻ എന്ന് അയാൾ സ്ഥിതീകരിച്ചു.ഏതോ ഒരു പൊള്ളുന്ന മരുന്നിൽ മുക്കിയ പഞ്ഞി കഷ്ണങ്ങൾ അവർ അയാളുടെ മുറിവുകളിൽ വച്ചു അതിലും വലിയ പൊള്ളുന്ന മുറിവ് ഉള്ളിൽ കിടക്കുന്നതിനാൽ ദിലീപന് വേദന അനുഭവപ്പെട്ടില്ല.പെട്ടെന്ന് ഡോക്ടർ എന്ന് തോന്നിക്കുന്ന വിധത്തിൽ വെള്ള കോട്ട് ധരിച്ച ഒരു ചെറുപ്പക്കാരൻ ഐസിയുവിൻ വാതിൽ തുറന്ന് അകത്ത് വന്നതായി പാതി തുറന്ന കണ്ണുകളോടെ ദിലീപൻ കണ്ടു.അയാൾ കയ്യിൽ എന്തോ ചുരുട്ടി പിടിച്ചിരിക്കുന്നു എന്ന് ദിലീപന് വ്യക്തമായി. അയാൾ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു, അത് ദിലീപന്റെ കാതിൽ വിട്ടുവിട്ട് കേട്ടു. വൃദ്ധ............മാല.........
അയാളുടെ കൈകളിലേക്ക് സൂക്ഷിച്ചുനോക്കിയതിലൂടെ ദിലീപന് വ്യക്തമായി. അത് തന്റെ അമ്മയുടെ മാല ആണെന്ന്.തന്റെ അമ്മയ്ക്ക് തന്നെ ഇത്രകാലം വളർത്തിയതിന് പ്രതിഫലമായി താൻ വച്ചുനീട്ടിയ സ്വർണ്ണമാല ആണത്.ദിലീപന്റെ മനസ്സ് പെട്ടെന്ന് ഒരു മിന്നൽ ഏറ്റതുപോലെ തളർന്നു.തന്റെ അമ്മയ്ക്ക് എന്തെങ്കിലും സംഭവിച്ച് കാണുമോ എന്ന് അയാളുടെ ഉപബോധമനസ്സിൽ വിമ്മിഷ്ടപ്പെട്ടു.ആരൊക്കെയോ വാതിൽ തുറക്കുകയോ അടയ്ക്കുകയോ ചെയ്യുന്നതിലൂടെ ഐസിയുവിൽ മുമ്പിൽ ഒരു വൃദ്ധ ഇരിക്കുന്നത് ദിലീപൻ കണ്ടു.മാനം മറയ്ക്കാനായി കരിമ്പൻ തല്ലിയ ഒരു കീറ നേരിയതും ,ചുക്കി ചുളുങ്ങിയ കൈകൾ മാറോട് ചേർത്ത് അവർ പ്രാർത്ഥിക്കുന്നതായി ദിലീപൻ കണ്ടു.പെട്ടെ ന്ന് കൺചിമ്മി തുറന്നപ്പോൾ ഒരു പ്രതീക്ഷയുടെ കണ്ണാടിയിലൂടെ ദിലീപൻ മനസ്സിലാക്കി അത് തന്റെ

അമ്മയാണെന്ന്.അവർ എങ്ങനെയോ വിവരമറിഞ്ഞ് വന്ന് തന്നെ ഉപേക്ഷിച്ചഈ നീചനായ മകനു വേണ്ടി പ്രാർത്ഥിക്കുകയാണ്.പെട്ടെന്ന് ഒരു സിറിഞ്ചിൽ നിറച്ച മരുന്നിന്റെ ഗാഢമായ ശക്തിയിൽ അവന്റെ കണ്ണുകളടഞ്ഞു.

തന്റെ തുടയിൽ ആരോ തട്ടി വിളിക്കുന്നത് മനസ്സിലാക്കി ദിലീപൻ പതിയെ കണ്ണുകൾ തുറന്നു.ഡോക്ടർ ദിലീപനെ എഴുന്നേൽപ്പിച്ച് കട്ടിലിൽ ചാരി ഇരുത്തിയ ശേഷം പറഞ്ഞു,എത്ര ദിവസം ആയെന്നോ ഉറങ്ങാൻ തുടങ്ങിയിട്ട് ?ദിവസം രണ്ടായി വല്ലതും അറിയുന്നുണ്ടോ?..ഒരു ചെറുപുഞ്ചിരിയിൽ സംശയത്തിന്റെ നിഴൽ നീട്ടി ഡോക്ടർ തുടർന്നു,ആ പുറത്തിരിക്കുന്ന വൃദ്ധയെ കണ്ടോ? ആ അമ്മയാണ് ദിലീപന്റെ ചികിത്സയുടെ ആദ്യഘട്ടത്തിലെ ബില്ല് അടച്ചത്,ബാക്കി അടുത്ത ആഴ്ചയിൽ അടയ്ക്കാം എന്നും പറഞ്ഞിട്ടുണ്ട്. അവർ എന്നിലൊരു ആശയക്കുഴപ്പമുണ്ടാക്കി ദിലീപാ....ഡോക്ടർ നെറ്റി ചുളുക്കി കൊണ്ട് പറഞ്ഞു...അവർ എന്നോട് പറയുകയാണ് അവരുടെ മകനാണ് ദിലീപനെന്ന്. അതിനുശേഷം അവർ കൂട്ടിച്ചേർത്തു എന്റെ മകന്റെ ഓർമ്മ നഷ്ടപ്പെട്ടുവെന്നും .ഞാൻ അവരെ തിരുത്താൻ ശ്രമിച്ചു ദിലീപാ, ഇല്ലമ്മേ ദിലീപന്റെ ഓർമ്മയ്ക്ക് ഒന്നും സംഭവിച്ചിട്ടില്ലെന്ന്. എന്നാൽ അവർ എന്നോട് പറഞ്ഞത് ഇങ്ങനെയാണ്..
പിന്നെ എന്താ ഡോക്ടറെ എന്റെ മോൻ അമ്മയെ മറന്നത്?അവർ എന്നോട് ഒരു ചോദ്യമുന്നയിച്ചു, അങ്ങനേയും അസുഖമുണ്ടോ ഡോക്ടറെ ?
ഞാൻ മറുപടിയൊന്നും പറയാൻ പോയില്ല ദിലീപാ.....ചുവന്നു കലങ്ങിയ കണ്ണുകളിലെ കണ്ണുനീർ തുടച്ചു മുഖത്ത് ചേർത്തുകൊണ്ട് ദിലീപൻ പറഞ്ഞു...എനിക്ക് എന്റെ അമ്മയെ ഒന്ന് കാണണം ഡോക്ടർ, പുറത്തിരിക്കുന്ന വൃദ്ധയെ അകത്തേക്ക് വിളിക്കുയെന്ന് ഡോക്ടർ നേഴ്സിനോടായി പറഞ്ഞു.വേച്ചുവേച്ച് വൃദ്ധ ഐസിയുവിലേക്ക് കടന്നുവന്നു,അവർ തന്റെ മകനോട് ചേർന്നിരുന്ന ശേഷം തന്റെ മകന്റെ നെറ്റിയിൽ ചുംബിച്ചു ,നെറ്റി തടവി ,അവർ താഴ്ന്ന സ്വരത്തിൽ താരാട്ട് പാടാനും തുടങ്ങി...ദിലീപൻ നിറഞ്ഞ കണ്ണുകളടച്ചു; അയാൾ അവരോട് ഒന്നും ചോദിച്ചില്ല അവർ ഒന്നും പറഞ്ഞതുമില്ല ...അയാൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ഉറങ്ങി, ഭൂതകാലം ഇല്ലാത്ത ഒരു കുഞ്ഞിനെപ്പോലെ..

നാളുകൾ കഴിഞ്ഞിട്ടും തന്റെ പ്രാഥമിക കർമ്മങ്ങൾ ചെയ്യാൻ സഹായിക്കുന്നത് അമ്മയാണ്.അവനോർത്തു സ്വന്തം കാര്യങ്ങൾപോലും ചെയ്യാൻ കഴിയാത്ത എന്നെ അമ്മ കൂടെ കൊണ്ടു നടക്കുന്നു. എന്നാൽ

ഇതിനെല്ലാം കഴിയുമായിരുന്ന അമ്മയെ ഞാൻ ഉപേക്ഷിച്ച ഒരു കാലമുണ്ടായിരുന്നു.ദിലീപന്റെ ഉള്ളിൽ കുറ്റബോധത്തിന് നാമ്പിടാൻ തുടങ്ങി.അതിനെ അമ്മ അവരുടെ സ്നേഹം കൊണ്ട് കരിച്ചുകളഞ്ഞു..നാളുകൾ കഴിഞ്ഞതോടെ സുമ മകനെ ദിലീപന്റെ പക്കൽ ഏല്പിച്ച് വിവാഹബന്ധം വേർപെടുത്താൻ നോട്ടീസും അയച്ചു. ഇന്ന് അവൾ പുതിയ വിവാഹത്തിന് മുതിരുകയാണ്.പണം സമ്പാദിക്കാത്ത ദിലീപനെ തനിക്ക് വേണ്ട എന്നായിരുന്നു അവളുടെ നിലപാട് ,അവളുടെ കൂടെയുണ്ടായിരുന്ന ജീവിതത്തിലൂടെ അവന് ശാസനയും പണമുണ്ടാക്കാനുള്ള ഓട്ടമായിരുന്നു മിച്ചമായി കിട്ടിയത്.ആ വഴക്കിൽ നിന്ന് രക്ഷ നേടാനുള്ള യാത്രയിലാണ് ദിലീപന് ദൈവത്തിന്റെ അനുഗ്രഹംകൊണ്ട് ഈ ആപത്ത് സംഭവിച്ചത്.ഒരു മനുഷ്യൻ തന്റെ ജീവിതത്തിൽ ദുഃഖത്തിന്റെ കടൽതാണ്ടി സന്തോഷത്തിന്റെയും നന്മയുടെയും തീരത്ത് അടുക്കുന്നത് പോലെയാണ് ദിലീപൻ സുമയുമായും തന്റെ അമ്മയുമായുമുള്ള ജീവിതത്തെ താരതമ്യം ചെയ്യുന്നത് .ദിലീപൻ ചെറുപ്പത്തിൽ അവർ താമസിച്ച വീട്ടിലാണ് ഇന്ന് അമ്മയോടും മകനോടുമൊത്ത് സുഖമായി ജീവിക്കുന്നത്.അന്നന്നുള്ള ഭക്ഷണം ഉണ്ടാക്കാനുള്ള വക അവൻ അധ്വാനിക്കുന്നുണ്ട്.അവൻ ഇന്ന് സുഖമായി ഉറങ്ങുന്നുണ്ട്...പണം സമ്പാദിക്കാനും അത് സൂക്ഷിക്കാനും വേണ്ടിയുള്ള ആവലാതികളും വേവലാതികളും ഇല്ലാതെ......സന്തോഷവും നന്മയും മാത്രം സ്വപ്നം കണ്ടുകൊണ്ട് അവൻ ഉറങ്ങുന്നു......

ആദിത്യ .പി

**10** ജി



# എന്റെ  ചെമ്പനീർ പൂവ്

എന്ത് ഭംഗിയാ നിന്നെ കാണാൻ
എൻ ഓമന ചെമ്പനീർ പൂവെ
കണ്ണുവെക്കാതെ ഞാൻ നിന്നെ നോക്കും
സൂര്യന്റെ വെട്ടത്തിൽ നീ നിന്ന്  മിന്നും

എന്റെ പൂവിൽ കൊച്ചു സൂര്യന്മാരായി
തിളങ്ങുന്ന മഞ്ഞുതുള്ളികൾ
എന്നെ വിട്ടിട്ട് നീ  എങ്ങും പോകല്ലേ
എന്റെ  ജീവൻ നീ എന്റെ പൂവേ

സുന്ദരിയാണ് നീ എന്റെ പൂവേ
എന്ത്  നിറമാണ് നിന്റെ പുറത്ത്
ആ നിറത്തിൽ എൻ കണ്ണുകൾ മിന്നുന്നു
പറയുവാൻ തീരില്ല അത്രക്കുണ്ട് നിൻ
അഴക് ചെമ്പനീർ പൂവേ ................

കൃഷ്ണ
6 ഡി

## കടങ്കഥകൾ

അമ്മ കല്ലിലും മുള്ളിലും മകൾ കല്ല്യാണപ്പന്തലിലും
-വാഴയും വാഴപ്പഴവും

അകത്തു നിന്നും നോക്കിക്കാണും കണ്ടതൊക്കെ ഉള്ളിലാകും
-ക്യാമറ

കാട്ടിലൊരുതുള്ളി ചോര
-മഞ്ചാടി

കുത്തുന്ന കാളയ്ക്ക് പിന്നിൽ കണ്ണ്
-സൂചി

പിടിച്ചാൽ പിടി കിട്ടില്ല ; വെട്ടിയാൽ വെട്ടേൽക്കില്ല
- വെള്ളം

ഒരാൾക്ക് കാലിലും തലയിലും തൊപ്പി
-ഉലക്ക

പറക്കുന്ന ഇംഗ്ലീഷ് അക്ഷരമേത്
-ബി

ആർക്കും ഇഷ്ട്ടമല്ലാത്ത ജാം
-ട്രാഫിക്ക് ജാം

ഉത്തരം പറയുന്ന ഇംഗ്ലീഷ് അക്ഷരം
-എസ്

തിന്നാൻ പറ്റുന്ന തിര
-മുതിര

കവിത

# തോണി

കരകാണാ കടലിനും കരയുണ്ട് കാക്കാൻ
കര താണ്ടിപോകുവാൻ തിരയുണ്ട് മീതെ
വലയേണ്ട വലയ്ക്കുള്ളിൽ മീനുണ്ട് നിറയെ
പല തോണി  പലവട്ടം
പോകുന്നു പതിവായി
പണി ചെയ്യും വേഗത്തിൽ അതിശക്തിയായി –
ഒരു തോണി  ,പല തോണി –
ഒരുമിച്ചു തുഴഞ്ഞു.
പലതരം മൽസ്യങ്ങൾ വലയിൽ നിറഞ്ഞു
തിരമേലെ തുഴയുന്നു ചെറുതോണി വീണ്ടും
കര കാണാൻ പല മാർഗം തിരയുന്നു വീണ്ടും
അതിമോഹമേറുന്നു മനസിന്റെയുള്ളിൽ
തുഴയുമായി വീണ്ടും പോകുന്നു തോണി
മനസ്സിൽ കൊതിയുമായി തുഴയുവാൻ പൊന്നു
തുഴയേന്തി കഥയുമായി കരതാണ്ടി വന്നു
മനസ്സിന്റെയുള്ളിൽ സന്തോഷം നിറഞ്ഞു



**രാജമ്മ ടീച്ചർ**

ഇഞ്ചവിള വൃദ്ധ സദനത്തിലെ അന്തേവാസിയാണ് .

# സംസാരിക്കുന്ന ഗുഹ

ഒരു സിംഹം എന്നും ഇരതേടി പോകുമായിരുന്നു .എന്നാൽ ആ സിംഹത്തിന് ഒരു ഇരയെ പോലും കിട്ടിയില്ല.വിശന്ന് അലഞ്ഞ ആ സിംഹം ഒരു ഗുഹ കണ്ടു . അവിടെ എന്നും ഒരു മൃഗം വരും അതിനെ തിന്നാം എന്ന് വിചാരിച്ച സിംഹം ആ ഗുഹയിൽ കയറി .അവിടെ എന്നും വന്നിരുന്ന നരി അവിടെ എത്തി . ഗുഹയിൽ കയറാൻ പോയപ്പോൾ സിംഹത്തിന്റെ കാൽപ്പാടുകൾ കണ്ടു .അപ്പോൾ ആ നരിക്ക് ഒരു ബുദ്ധി തോന്നി ,"എന്താ ഗുഹേ നീ ഒന്നും മിണ്ടാത്തത് "എന്ന് ചോദിച്ച മണ്ടനായ സിംഹം വിചാരിച്ച .ഞാൻ അതെ എന്ന് പറഞ്ഞാൽ അത് ഗുഹയിലേക്ക് വരുമെന്ന് കരുതി "അതെ" എന്ന് പറഞ്ഞു .നരി പൊട്ടിചിരിച്ചു കൊണ്ട് , "എടാ മഠയൻ സിംഹമേ ഏതെങ്കിലും ഗുഹ സംസാരിക്കുമോ" എന്ന് ചോദിച്ചിട്ട് ചിരിച്ച്കൊണ്ട് ഓടിപോയി. നാണിച്ച് സിംഹവും ഓടിപ്പോയി.

ശിവാനി

5 c

കവിത

## മുഖം മിനുക്കുന്നവർ



സുരേഷ് ബാബു എസ്
അധ്യാപകൻ
മലയാള വിഭാഗം

എന്റെ ജാലക കണ്ണാടിയിൽ
പതിവായിട്ടൊരു പഞ്ചവർണ്ണക്കിളി
മുഖം മിനുക്കാനെത്തും.
മുറ്റത്തെത്തെളിവെള്ളത്തിൽ
കാക്കക്കുറുമ്പിയും മുഖം മിനുക്കീടുന്നു.
ഋതുക്കളാം കണ്ണാടി നോക്കി
സസ്യ ജാലങ്ങളും മുഖംമിനുക്കുന്നു.
ന്യൂ ജെൻ കുട്ടികൾ ക്ലാസിലും
നടവഴിയിലും മുഖം മിനുക്കീടുന്നു.
മുഖം മിനുക്കാനുള്ള സാമഗ്രികൾ
സൂക്ഷിക്കുന്നിതെപ്പോഴും
വാഹനങ്ങളിലും കൈ സഞ്ചിയിലും മറ്റും.
പട്ടണത്തിലെത്തീൻകൊട്ടാരങ്ങളും
അംബരചുംബിയാം മാളികകളും
മുഖംമിനുക്കീടുന്നു തരാതരം പോലെ.
മുഖം മിനുക്കലിന്റെ മനശാസ്ത്രമെന്ത്?.
മുഖം മിനുക്കീടുമ്പോൾ
അകം മിനുങ്ങീടുമോ?.

കവിത

# പെയ്തൊഴിഞ്ഞ പ്രണയം



**ജിജ എസ്**
**അദ്ധ്യാപിക**
**നാച്ചുറൽ സയൻസ്**

മനസ്സുകൾ സംസാരിക്കുകയാണ്
കണ്ണുകളിലൂടെ
പറയാതെ പറയുന്ന വാക്കുകളിലൂടെ
ജനിമൃതികൾ ഊടും പാവും തീർത്തു
ദിനരാത്രങ്ങൾ മറയുന്നു
ഋതുക്കളുടെ വേഷപ്പകർച്ചകൾ
പുഴുവായും ശലഭമായുംരൂപമാറ്റങ്ങൾ
കല്ലിൽ നിന്നും കാമിനിയിലേക്കുള്ള
മുക്തസഞ്ചാരങ്ങൾ
മോഹങ്ങൾ പൂട്ടിവച്ച നിലവറകൾ
ചെരാതുകളുടെ വെളിച്ചത്തിൽ
തുറന്നിടുന്നത് ആരാണ്... നീയോ
കാലങ്ങൾക്കുംദേശങ്ങൾക്കും
നക്ഷത്രദൂരങ്ങൾക്കും അപ്പുറം
സ്നേഹിച്ചു മതി വരാതെ മരിച്ച
ആത്മാവുകളുടെ വാക്കുകൾ
സ്നേഹവും വിരഹവും പകർന്നു
നിറച്ചു മനസ്സിന്റെ അറകൾ
മൗനദാഹങ്ങൾ ഉരുകിയൊലിച്ചു
ഉറഞ്ഞുപോയ ഖനീമുഖങ്ങൾ

ശിലയടരുകളിൽ ഉറവയിടാൻ
വീർപ്പുമുട്ടിത്രസിക്കുന്നജലശേ
യുഗപരിണാമ ചരിത്രങ്ങൾ തളിരിട്ട
കന്യാവനങ്ങൾതൻഅഗാധ നീലിമ
പ്രിയ സ്നേഹിതാ നിന്റെ സ്നേഹ വചസ്സുകൾ അലയടിക്കുന്ന
താഴ് വരകൾ വീണ്ടും വിളിക്കുന്നു
ഹരിതശയ്യകളിൽ ഇളവേൽക്കുന്ന സ്വപ്നക്കാഴ്ചകൾ മിഴി തലോടുന്നു
മനസ്സിന്റെ ആഴങ്ങളിൽ എവിടെയോ
നിൻവിരൽ സ്പർശം അറിയാതെ...
സ്നേഹചുംബനമറിയാതെ
ആരുമറിയാത്ത തിരിച്ചറിയപ്പെടാത്ത
പരാജിതയായ ഞാൻ
ഇനി ഞാൻ എന്നിൽ തന്നെ വിലയം പ്രാപിക്കട്ടെ
എന്നെന്നും എന്നിലായ് ഒടുങ്ങട്ടെ....

കവിത

# ജീവിതാലംബം

ജീവതാളമായ് നിശ്വാസമായ്,
ഹൃദയമിടിപ്പായ് ഏതുണ്ട്
ഭൂഗോളത്തിൽ?

ജീവിതപാതയിൽ എന്നും കൂടെ രക്ഷകനായതുണ്ട് ഭൂമിയിൽ?

ഒരേഉത്തരം അനന്തമാം ഓക്സിജൻ.....

ഉറവിടം സസ്യങ്ങൾ, മൃത്യുവോ മാനവാന്തരികാവയവങ്ങളിൽ....
സസ്യങ്ങൾ തൻ നിലനില്പിനാലും, സൂര്യൻ തൻ സൗരോർജത്താലും
ഭൂമിയിൽ ഇരിപ്പിടമുറപ്പിച്ചവൻ....

മാനവജീവിതത്തിൻ ഏകആശ്രയം ഓക്സിജൻ.....
നീ നിലച്ചാൽ, വിധിക്കും തടുക്കാൻ പ്രയാസം.....

നീ മടിച്ചാൽ ഞങ്ങളാംമനുഷ്യർ വെറും മണ്ണ് മാത്രം.....

നിലയ്ക്കല്ലേ ജീവനേ......
നിലയ്ക്കല്ലേ ആലംബമേ......
മുടക്കല്ലേ നിൻ ക്രിയ, മാനവസംരക്ഷണം നിൻ ചുമതല........

യാസിന തസ്നിം. എം
9.H

കവിത

# വെട്ടിതിളങ്ങുന്ന പൊൻമുട്ട

വെട്ടി തിളങ്ങുന്ന പൊൻമുട്ടേ....
ഞാൻ ഉണരുമ്പോൾ നീ മുകളിൽ....
ഞാൻ ഉറങ്ങുമ്പോൾ നീ പോയി...
എന്തിനുദിച്ചുനീ... എന്തിനുപോയി....
എന്തിനുപോയി നീ പൊൻമുട്ടേ.......
എന്തിനു പോയി നീ പൊൻമുട്ടേ......
സൂര്യനെന്നല്ലോ നിൻപേര്.....
സൂര്യനെന്നല്ലോ നിൻപേര്....
നിന്നെ ഞാനോർക്കുന്നുവെന്നും......
എന്നും നിന്നെ ഞാനോർക്കുന്നുവല്ലോ......
വെട്ടിതിളങ്ങുന്ന പൊൻമുട്ടേ....
ഞാനുണരുമ്പോൾ നീ മുകളിൽ....
വെട്ടി തിളങ്ങുന്ന പൊൻമുട്ടേ...
ഞാൻ ഉറങ്ങുമ്പോൾ നീ പോകും....
എന്തിനുപോയി നീ പൊൻമുട്ടേ......
എന്നെ മറന്നുനീ പൊൻമുട്ടേ....
നീ എന്നെ മറന്നുപോയ് പൊൻമുട്ടേ.....
നീ എന്നെ മറന്നുപോയ് പൊൻമുട്ടേ.......
എന്നെ മറന്നുപോയ് പൊൻമുട്ടേ...
എന്നെ മറന്നു നീ പൊൻമുട്ടേ.....

അഞ്ജലി. ജെ
6.ഡി

ചെറുകഥ

# അമ്മയുടെ സ്നേഹം

ഒരിടത്ത് ഒരു അമ്മയും കുഞ്ഞും താമസിച്ചിരുന്നു . കുഞ്ഞിന് ഇഴയുന്ന പ്രായമേ ഉണ്ടായിരുന്നുള്ളു.കുട്ടി ഒരു ദിവസം കളിച്ചുകൊണ്ടിരിന്നു.കളിച്ചപ്പോ കുട്ടിയുടെ കൈയിൽ ഇരുന്ന കളിപ്പാട്ടം പുറത്തേക്ക് തെന്നി പോയി. കുട്ടി അത് എടുക്കാൻ വേണ്ടി കളിപ്പാട്ടത്തിന്റെ പുറകെ പോയി.അവസാനം കുട്ടി കളിപ്പാട്ടം കൈയിൽ എടുത്തു.അപ്പോൾ അമ്മ കുട്ടിയെ തേടി പുറത്തേക്ക് വന്നു അപ്പോൾ അമ്മയെ കളിപ്പിക്കാൻ വേണ്ടി കുട്ടി ഒരുമരത്തിന്റെ പുറകെ ഒളിച്ചു. അമ്മ കുഞ്ഞിനെ കാണാതെ സങ്കടപെട്ടു. അമ്മ ഉറക്കെ വിളിച്ചു മോനെ...... മോനെ.......എന്നിട്ടും കുട്ടി അവിടെ തന്നെ നിന്നു അമ്മ കുഞ്ഞിനെ കാണാതെ കരഞ്ഞു. ആ കരച്ചിൽ കണ്ട് കുട്ടിക്ക് സങ്കടം വന്നു അവൻ വേഗം അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു എന്നിട്ട് അവൻ അമ്മേ എന്നുവിളിച്ചു അപ്പോൾ അമ്മ അവനെ സ്നേഹത്തോടെ എടുത്ത് കെട്ടിപിടിച്ച് ഒരുപാട് ഉമ്മകൾ കൊടുത്തു .ഈ കൊച്ചു കഥയിൽ നിന്ന് എനിക്ക് മനസ്സിലായത്. അമ്മയെ നമ്മൾ ഒരിക്കലും സങ്കടപെടുത്തരുത്.


സജ്നാനിസ്സാം

**VI ഡി**

## സന്ദേശം

"ബന്ധുരകാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ"

മനോഹരമായ സ്വർണ്ണകൂട്ടിലിട്ടടച്ചാലും ബന്ധനം ബന്ധനം തന്നെയാണ്. ഒരു കിളിയെ സ്വർണ്ണക്കൂട്ടിൽ പിടിച്ചിട്ട് അതിനുവേണ്ട ഭക്ഷണങ്ങളൊക്കെ നൽകിയാലും അതിനു തൃപ്തി വരികയില്ല. അനന്തമായ ആകാശത്തിൽ പറന്നുനടക്കാനായിരിക്കും അതിനിഷ്ടപ്പെടുക.'പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം.'എന്നുള്ള കവിവാക്യം ഓർക്കുക. ബ്രിട്ടീഷുകാരുടെ അടിമത്തത്തിൽ നിന്നും നമ്മെ മോചിതരാക്കുവാൻ ഗാന്ധിജിയും നെഹ്റുവും മറ്റും കഠിനമായി പ്രയത്നിച്ചത് അസ്വാതന്ത്ര്യത്തിന്റെ അസ്വസ്ഥത അകറ്റുവാൻ വേണ്ടിയാണ്. ആരും തന്നെ അടിമത്തമാഗ്രഹിക്കുന്നില്ല. 'പാരതന്ത്ര്യത്തിൽ മണിമന്ദിരത്തേക്കാൾ സൗഖ്യോദാരമേ സ്വാതന്ത്ര്യത്തിന് പുല്ലണിചെളിമാടം'എന്നു പറഞ്ഞ കവിയും സ്വാതന്ത്ര്യത്തിന്റെ മഹത്ത്വത്തെ ഉയർത്തിപിടിക്കുന്നു.



**തസ്ലീമ**

# മനുഷ്യ ജീവിതം

എല്ലാവരുടെയും ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു കാലഘട്ടമാണ് ഏവരുടെയും ബാല്യകാലം.ജീവിതത്തിന്റെ ആകുലതകളില്ലാതെ ഇല്ലായ്മയും വല്ലായ്മയും അറിയാതെ മാതാപിതാക്കൾ അവരുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും മാറ്റിവച്ച് നമുക്കുള്ള ആവശ്യങ്ങൾ നടത്താൻ കഷ്ടപ്പെടുന്നത് നാം അറിയുന്നില്ല.നമ്മുടെ കളിയിലും ചിരിയിലും കുസൃതികളിലും അവർ അവരുടെ സങ്കടങ്ങൾ മറക്കുന്നു. കഷ്ടപ്പെട്ട് പട്ടിണികിടന്നും നമ്മെ പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കുമ്പോൾ അവരുടെ കഷ്ടപ്പാട് മാറും എന്നാണ് ചിന്തിക്കുന്നത്.എന്നാൽ ഇപ്പോഴത്തെ തലമുറ ബന്ധങ്ങൾക്ക് ഒരു വിലയും കല്പിക്കാതെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും തള്ളി വിടുന്നു നമ്മുടെ കുസൃതികൾ കണ്ട് വിഷമതകൾ മറന്ന് നമുക്ക് വേണ്ടി ജീവിച്ച അവരെ വാർദ്ധക്യ കാലത്ത് അവരുടെ കുസൃതികൾ കണ്ട് ജീവിക്കാൻ കഴിയുന്ന ഒരു പുത്തൻ തലമുറയ്ക്ക് വേണ്ടി നമുക്ക് ഏവർക്കും പ്രർത്ഥിക്കാം.



ദേവി പ്രസാദ്
9.എഫ്

# എന്റെ സ്കൂൾ ജീവിതം

ഇതെല്ലാം എന്റെ സ്കൂളിനെ പറ്റിയാണ്.ഒരു മനുഷ്യന് മറക്കാൻ പറ്റില്ല അവരുടെ ഭൂതകാലം? ഞാൻ ഒരിക്കലും മറക്കില്ല എന്റെ ഭൂതകാലം കാരണം എന്നെ കൊണ്ട് എന്താണ് ചെയ്യാൻ പറ്റുന്നത് എന്ന് പഠിപ്പിച്ചു തന്നത് എന്റെ സ്കൂൾ ജീവിതം ആണ്. എന്റെ ജീവിതത്തിൽ എനിക്ക് വരും നാളുകളിൽ വിജയം കൈവരിക്കാൻ പഠിപ്പിച്ചത് എന്റെ സ്കൂൾ ആണ്. എനിക്ക് സുഹൃത്തുക്കളുടെയും സ്നേഹത്തിന്റെയും വില മനസിലാക്കിതന്നത് എന്റെ സ്കൂൾ ജീവിതം ആണ്. എനിക്ക് പഠിപ്പിച്ചു തന്നു വയസ്സിനു മൂത്തവരെ ബഹുമാനിക്കണം. ഒരുപാട് കാര്യങ്ങൾ എനിക്ക് അറിയാൻ സാധിച്ചു ഞാൻ ഒരിക്കലും മറക്കില്ല എന്റെ ഭൂത കാലം. ഞാൻ ഇപ്പോ പഠിച്ചത് എല്ലാം ഇനിയുള്ള നാളുകളിൽ ഞാൻ ഓർത്തു ഇരിക്കേണ്ട കാര്യങ്ങൾ ആണ്. ഒരിക്കലും മറക്കില്ല.



അഞ്ജന. ആർ
**9** എഫ്

## സ്നേഹം

അന്നെന്റെ കണ്ണ് നിറഞ്ഞു..... ഒരു ചേച്ചിയുടെ സ്നേഹത്തിൽ.... പഠിക്കുന്ന കാലം എന്റെ അച്ഛന്റെ സുഹൃത്തിന്റെ വീട്... അല്ല... എന്റെ സ്വന്തം കണക്കൊരു വീട്... അഷ്ടമുടി കായലിനെ മുത്തമിട്ട് നിൽക്കുന്ന ഓലമേഞ്ഞ ഒരു കൊട്ടാരമാണെനിക്ക്.. അതൊരു സ്നേഹകൂടാണ്... പടിഞ്ഞാറൻ കാറ്റിൽ ഒഴുകിയെത്തുന്ന കുഞ്ഞോളങ്ങൾ, അവയിൽ തത്തി കളിക്കുന്ന മീൻ വഞ്ചികൾ, ആന തുമ്പിക്കൈ നീട്ടും പോലെ കായലിൽ ഇറങ്ങി നിൽക്കുന്ന ചീന വലകൾ,വൈകുന്നേരങ്ങളിൽ ആകാശത്ത് ചിത്രംവരച്ച് അറബിക്കടലിൽ കുളിക്കാനിറങ്ങുന്ന സൂര്യകിരണങ്ങൾ... ഇതൊക്കെ ആ വീട്ടിൽ നിന്നുള്ള കാഴ്ചകളാണ്...എനിക്ക് അവിടെയൊരു ചേച്ചിയുണ്ടായിരുന്നു .. അന്നൊക്കെ ഞാൻ വീട്ടിൽ നിന്നും ആഹാരം കഴിച്ചില്ലെങ്കിൽ പിന്നെ ആഹാരം കഴിക്കുന്ന ഏക വീട്.... ആ വീട്ടിൽ ആര് ചെന്നാലും ഒരു ചായ എങ്കിലും കൊടുക്കാതെ മടക്കി വിടാറില്ല.... അവിടുത്തെ അമ്മ വയ്ക്കുന്ന രസം എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്.അത് കൂടുതലും ഞാൻ ആണ് തീർക്കുന്നതു. ഉപ്പിട്ട.. നേർത്ത കഞ്ഞിവെള്ളം ചെറു ചൂടോടെ എപ്പോഴും അടുപ്പിലുണ്ടാകും... വിരുന്നുകാരും വീട്ടുകാരും ഒരുമിച്ചാണ് ആ വീട്ടിൽ ആഹാരം കഴിക്കുന്നത്. വിളമ്പുന്നതു മിക്കവാറും ചേച്ചി തന്നെയാണ്.. അമ്മ അവരുടെ മക്കളിൽ ഒരാളായിട്ടാണ് എന്നെ കരുതുന്നത് ;അപ്പനും അങ്ങനെ തന്നെ ആണ്... അന്ന് ഞാൻ മാത്രമേ ആഹാരം കഴിക്കാൻ ഉണ്ടായിരുന്നുള്ളു. ഞാൻ അല്പം താമസിച്ച് എത്താൻ... അന്നും ചേച്ചിയാണ് ചോറ് വിളമ്പിയത്. ഊണ് കഴിക്കുമ്പോൾ ഞാൻ തിരക്കി ചേച്ചി കഴിച്ചോ?.. പിന്നെ കഴിക്കാം... പതിവില്ലാതെ ഞാൻ അന്ന് അടുക്കള വഴിയാണ് കൈ കഴുകാൻ ഇറങ്ങിയത് ഞാൻ വെറുതെ ചോറ് കലം ഒന്ന് തുറന്നു നോക്കി... അതിൽ ഒരരി ചോറ് പോലുമില്ലായിരുന്നു... അന്ന് എന്റെ ചേച്ചി പട്ടിണി ആയിരുന്നു... അന്ന് ഞാൻ കരഞ്ഞു. ആ ദിവസം ഓർത്താൽ

ഇന്നുമെന്റെ കണ്ണ് നിറയും.. ആ വീട്ടിലെത്തിയാൽ അന്ന് മുതൽ ആരുമറിയാതെ അടുക്കളയിലെത്തി ഞാൻ ചോറ് കലം തുറന്നു നോക്കും. എന്റെ പ്രാർത്ഥന കൊണ്ടാകും... പിന്നീട് ഒരിക്കലും ആ കലം വറ്റിയിട്ടില്ല.... അവിടുള്ള എല്ലാരും ഇന്നും അങ്ങനെ തന്നെ... ആ സ്നേഹവും.

**എം പി ചന്ദ്രദത്തൻ**
**അദ്ധ്യാപകൻ**
**ഫിസിക്കൽ എഡ്യൂക്കേഷൻ**

## ഔദ്യോഗിക ചിഹ്നങ്ങളിലെ ആദർശ വാക്യങ്ങൾ

♦ ഭാരതത്തിലെ വിവിധ സ്ഥാപനങ്ങളുടെ ഔദ്യോഗിക മുദ്രകളിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന അർത്ഥപൂർണ്ണവും ആശയസമ്പുഷ്ടവുമായ ആപ്തവാക്യങ്ങൾ മിക്കതും വേദങ്ങൾ ,ഉപനിഷത്തുകൾ ,രാമായണം ,മഹാഭാരതം കാളിദാസാദി മഹാകവികളുടെ കാവ്യ ഗ്രന്ഥങ്ങളിൽ നിന്നൊക്കെ സ്വീകരിച്ച അമൂല്യങ്ങളായ അമൃത രത്നങ്ങളാണ് .കൂട്ടത്തിൽ സന്ദർഭോചിതമായി നിർവചിച്ച ചില വാക്യങ്ങളുമുണ്ട് .അവയിൽ യിതതും ഭാരതത്തിന്റെ ഔദ്യോഗിക ലിപിയായ ദേവനാഗിരിയിലാണ് ആ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് .ഈ വാക്യങ്ങളുടെ ഔചിത്യം വിവേചിച്ചറിയാനും ,വിശാലമായ ആശയ പ്രപഞ്ചത്തെ മുറുക്കിയും ,കുറുക്കിയും പ്രയോഗിക്കുന്ന സംസ്കൃത ഭാഷയെ മനസ്സിലാക്കാനും ഈ വാക്യങ്ങൾ സഹായിക്കുന്നു ' .

1 സത്യമേവ ജയതേ

ഭാരത സർക്കാരിന്റെ ഔദ്യോഗിക മുദ്രയായ അശോകസ്തംഭത്തിൽ 'സത്യമേവ ജയതേ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.സത്യമേവ ജയതേ നാങ്കതം എന്നാണ് ച്ുണ്ടകോപനിഷത്തിൽ നിന്നുദ്ധരിച്ച മന്ത്രത്തിന്റെ പൂർണരൂപം .സത്യം മാത്രം ജയിക്കുന്നു .അസത്യം ജയിക്കില്ല എന്നാണ് ഈ വാക്യം അർത്ഥമാക്കുന്നത് .

2 യോഗക്ഷേമം മനാമൃഹം

മഹാഭാരത യുദ്ധത്തിൽ വിമുഖനായ അർജ്ജുനന് തത്വോപദേശം നൽകുന്ന ശ്രീകൃഷ്ണൻ തന്റെ യോഗവും , ക്ഷേമവും ഞാൻ നോക്കിക്കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു . ഭഗവത് ഗീതയിലെ യോഗക്ഷേമം മനാമൃഹം എന്ന ആ ശ്രീകൃഷ്ണ വാക്യമാണ് എൽ ഐ സി യുടെ മുഖവാക്യം .കാറ്റിൽപ്പെട്ട ദീപ നാളം പോലെ ഏതു നിമിഷവും അണഞ്ഞു പോയേക്കാവുന്ന മർത്യ ജീവിതത്തിൽ കുടുംബത്തിന്റെയോഗവും

ക്ഷേമവും തങ്ങൾ വഹിച്ചു കൊള്ളാമെന്ന് എൽ ഐ സി യും വാഗ്ദാനം ചെയ്യുന്നു

3 സത്യം ശിവം സുന്ദരം

ദൂരദർശന്റെ മുഖവാക്യം സത്യം ശിവം സുന്ദരം എന്നാണ് .നാം ദൂരദർശനിലൂടെ കാണുന്നതെല്ലാം സത്യമാണ് .അത് ശിവമാണ് ,കൂടാതെ സുന്ദരവുമായിരിക്കും എന്നാണ് ഈ വാക്യം നമ്മേ ഓർമിപ്പിക്കുന്നത് കാര്യങ്ങളുടെ യഥാർത്ഥ വസ്തുതയെ മനസിലാക്കി തരുന്നതെന്നാണ് ഈ ഉപനിഷത് വാക്യത്തിന്റെ പ്രേത്യകത

4 യതോ ധർമ്മസ്തോ ജയ

മഹാഭാരതത്തിൽ പല ഘട്ടങ്ങളിലും ആവർത്തിച്ച് ഉദ്ഘോഷിക്കുന്ന തത്വ ശകലമാണ് യതോ ധർമ്മസ്തോ ജയ എന്നത് .ധർമ്മത്തിന്റെ ജയം എന്നർത്ഥം വരുന്ന ആ ആദർശ വാക്യമാണ് ഭാരതത്തിന്റെ പരമോന്നത നീതി പീഠത്തിന്റെ ചിഹ്നത്തിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത് .

5 കർമ്മണി വ്യജ്യതേ പ്രജ്ഞാ

കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയായ കേരള സർവ്വകലാശല 1937 ലാണ് സ്ഥാപിതമായത് .വിടർന്ന താമരപ്പൂവിന്റെ പശ്ചാതലത്തിൽ തിരുവിതാംകൂറിന്റെ മുദ്രയായ വലം പിരി ശംഖും വ്യാസ പീഠത്തിൽ ചേർത്തുവെച്ച താളിയോല ഗ്രന്ഥവും അടങ്ങിയ കേരള സർവ്വ കലാശാലയുടെ ഔദ്യോഗിക ചിഹ്നത്തിൽ കർമ്മണി വ്യജ്യതേ പ്രജ്ഞാ ' എന്ന ദേവനാഗിരി ലിപിയിൽ ആലേഖനം ചെയ്തിരിക്കുന്നു വിഷ്ണു ശർമ്മയുടെ പ്രസിദ്ധമായ പഞ്ചതന്ത്രത്തിലെ മിത്ര ഭേദം എന്ന ഭാഗത്തിൽ നിന്നും സ്വീകരിച്ചതാണ് ഈ സൂക്തം . " ഒരാളുടെ പ്രവൃത്തി അയാളുടെ അറിവിനെ വ്യക്തമാക്കുന്നു എന്നതാണ് ഈ സൂക്തത്തിന്റെ സാരം .

**ആർ ഓമന**
**അദ്ധ്യാപിക**
**സംസ്കൃതം**

## അമ്മ മനസ്സ്

മോളെ നീ എഴുന്നേറ്റോ? അമ്മ വിളിക്കുന്നത് കേട്ടെങ്കിലും പുലർകാല മഞ്ഞിൻ തണുപ്പിൽ ഞാൻ ഒന്നുകൂടി പുതച്ചു കിടന്നു.... അപ്പോഴാണ് അമ്മയുടെ അടുത്ത വിളി വന്നത്... നീ എണീറ്റില്ലേ ഇന്ന് നേരത്തെ ക്ലാസിനു പോകണമെന്ന് ഇന്നലെ പറഞ്ഞത് മറന്നോ? അപ്പോഴാണ് ഞാൻ അത് ഓർത്തത് ഓഹ് ഇന്ന് നേരത്തെ പോകണമല്ലോ പിന്നെ എല്ലാം വളരെ പെട്ടന്ന് ആയിരുന്നു യൂണിഫോം ഇട്ടു ബാഗുമെടുത്തു അടുക്കളയിലേക്കു ഓടി... അമ്മേ വെള്ളം.. ടിഫിൻ എടുത്തില്ലേ... ഓഹ് സമയം ഒരുപാട് ആയി. അപ്പോൾ അമ്മ എല്ലാം കൊണ്ട് വന്നു. കൂടെ കഴിക്കാൻ പുട്ടും... ഓഹ് ഇന്നും പുട്ട് ആണോ? എനിക്ക് വേണ്ട ഞാൻ പോകുവാ എന്നും പറഞ്ഞു ബാഗും എടുത്ത് ഞാൻ ഓടി... അമ്മ പിറകിൽ വിളിച്ചു... മോളെ കഴിച്ചിട്ട് പൊയ്ക്കോടേ... ഞാൻ കേൾക്കാൻ നില്കാതെ സ്കൂളിലേക്ക് പോയി.... വൈകുന്നേരം തിരിച്ചെത്തി ബാഗ് വച്ചിട്ട് നേരെ അടുക്കളയിൽ പോയി അവിടെ ചായയും എനിക്ക് ഏറ്റവും ഇഷ്ടമുള്ള ഇലയടയും ഉണ്ടായിരുന്നു. ഞാൻ കഴിച്ചു കഴിഞ്ഞിട്ടും അമ്മയുടെ അനക്കമൊന്നുമില്ല... അമ്മേ എന്നും വിളിച്ചു മുറിയിലേക്കു ചെന്നപ്പോൾ അമ്മ പുതച്ചു മൂടി കിടക്കുന്നു. ഈ നേരത്ത് അമ്മ കിടക്കാറില്ലല്ലോ? എന്ത് പറ്റി ഇപ്പൊ കിടക്കാൻ? അപ്പോഴാണ് ഓർത്തത് ഇന്നലെ ചെറിയ പനി ഉണ്ടെന്നു പറഞ്ഞിരുന്നു ഞാൻ അത് കാര്യമാക്കിയിരുന്നില്ല.... ഞാൻ അമ്മയെ തൊട്ട് നോക്കി വിളിച്ചു അപ്പൊ നല്ല ചൂട് ഉണ്ടായിരുന്നു... എന്താ ഇപ്പൊ ചെയ്യുക... അച്ഛനും ഇവിടെ ഇല്ലല്ലോ ? അമ്മേ വരു നമുക്ക് ഹോസ്പിറ്റലിൽ പോകാം... അങ്ങനെ ഞാനും അമ്മയും കൂടി ഹോസ്പിറ്റലിൽ എത്തി... ഡോക്ടറിനെ കാണാൻ ചീട്ട് എടുത്ത്

നിൽകുമ്പോൾ.. ഞങ്ങൾക്ക് മുൻപായി ഒരു അമ്മുമ്മ നിൽകുന്നു. നല്ല ക്ഷീണം ആ മുഖത്തു കാണാം.. നടക്കാനും നല്ലപോലെ പ്രയാസപ്പെടുന്നുണ്ട്... ഞാൻ ചെന്ന് പിടിച്ച് പതുക്കെ ഡോക്ടറിനെ കാണാൻ സഹായിച്ചു. അമ്മയെ ഡോക്ടറെ കാണിച്ച് തിരിച്ച് വന്നപ്പോഴും ആ അമ്മുമ്മ പോയിട്ടില്ല.... ആശുപത്രി വരാന്തയിലെ ബെഞ്ചിൽ കിടക്കുകയായിരുന്നു. ഞാൻ അമ്മയെ അടുത്തിരുത്തി കാന്റീനിൽ പോയി രണ്ട് ചായ കൊണ്ട് വന്നു അമ്മയ്ക്കും അമ്മുമ്മയ്ക്കും കൊടുത്തു... എന്നിട്ട് ഞാൻ ചോദിച്ചു.. ഇത്രയും വയ്യാതെ അമ്മൂമ്മ എന്തിനാ ഒറ്റക് വന്നത്? ആരെങ്കിലും കൂടെ കൂട്ടമായിരുന്നില്ലേ? അത് കേട്ടപ്പോൾ ആ അമ്മൂമ്മ പറഞ്ഞു എന്റെ കൂടെ വരാൻ ആരുമില്ല മോളെ . എന്താ അമ്മൂമ്മയ്ക്ക് മക്കളാരുമില്ലേ? ഉണ്ട് മോളെ... മക്കൾ ഉണ്ട്... അവർക്ക് ഇപ്പൊ ഈ അമ്മയെ വേണ്ട മോളെ... അതെന്താ? ഞാൻ ചോദിച്ചു... മോളെ ചെറുപ്പത്തിൽ നല്ലപോലെ കഷ്ടപ്പെട്ട് മക്കളെ നല്ല രീതിയിൽ പഠിപ്പിച്ചു... എല്ലാർക്കും ഉയർന്ന ജോലിയും ആയി... എല്ലാവരും നല്ല രീതിയിൽ കഴിയുന്നു.... അപ്പൊ ഈ വയസായ അമ്മയെ നോക്കാൻ അവർക്ക് സമയമില്ല മോളെ .... അതും പറഞ്ഞു ആ അമ്മ കണ്ണ് തുടച്ചു. വീണ്ടും അമ്മൂമ്മ പറഞ്ഞു.... എന്നെ നോക്കിയില്ലെങ്കിലും എന്റെ മക്കൾ രക്ഷപെട്ടല്ലോ... എന്നെ പോലെ കഷ്ടപ്പെടേണ്ടി വന്നില്ലല്ലോ അതിൽ ഞാൻ സന്തോഷിക്കുന്നു... ആ അമ്മയുടെ മനസ്സ്... അത് എത്ര വലുതാണ് ആ മക്കൾ അത് മനസ്സിലാകുന്നില്ലല്ലോ? കഷ്ടം തന്നെ.... അപ്പോഴാണ് ഞാൻ എന്നെ കുറിച്ച് ഓർത്തത് ഞാനും ഇന്ന് എന്താണ് എന്റെ അമ്മയോട് ചെയ്തത്... അമ്മ വയ്യാതെ കിടന്നിട്ടും എനിക്ക് സമയത്തിന് ഓരോന്നും ചെയ്തു തന്നിട്ടും ഞാൻ അമ്മയുടെ കാര്യങ്ങൾ ഒന്നും ശ്രദ്ധിക്കാറില്ലല്ലോ.... എനിക്ക് കരച്ചിൽ വന്നു ഞാൻ അമ്മയോട് പറഞ്ഞു...ഞാൻ അമ്മയെ വിഷമിപ്പിച്ചെങ്കിൽ എന്നോട് ക്ഷമിക്കണേ... ഇനി ഞാൻ അമ്മയെ വേദനിപ്പിക്കില്ല... അമ്മയുടെയും അച്ഛന്റെയും

സുഖത്തിലും ദുഖത്തിലും ഞാനും കൂട്ടുണ്ടാകും... എന്നും.... കരഞ്ഞു കൊണ്ടിരുന്ന എന്റെ കണ്ണ് തുടച്ചു കൊണ്ട് അമ്മ എന്നോട് പറഞ്ഞു മക്കൾ എന്ത് ചെയ്താലും അമ്മമാർക്ക് മക്കൾ എന്നും പ്രിയപ്പെട്ടതാണ്... പ്രാണനാണ്.... മോളെ... ആഹ് സാരമില്ല... മോളെ കരയണ്ട... അമ്മയില്ലേ നിനക്ക് കൂട്ടായി എന്നും...... അമ്മയുടെ വാക്കുകൾ എനിക്ക് പുതിയ അറിവുകൾ തരുകയായിരുന്നു.... ഈ ലോകത്തിൽ അച്ഛനും അമ്മയും തരുന്ന സുരക്ഷിതത്വം വേറെ എവിടെയും കിട്ടില്ല എന്നും.... മാതാ, പിതാ, ഗുരു, ദൈവം.എന്ന വാക്കിന്റെ മഹത്വം എന്തെന്നും.



**സുൽത്താനിയ. എ**

# ദുഷ്ടന് പറ്റിയ പറ്റ്

കിന്നരം കാട്ടിലെ രാജാവായിരുന്നു ഗമണ്ടൻ സിംഹം. മഹാ ദുഷ്ടനായിരുന്നു ഗമണ്ടൻ. അതുകൊണ്ട് കാട്ടിലെ മൃഗങ്ങൾക്കൊന്നും ഗമണ്ടനെ ഇഷ്ടമല്ലായിരുന്നു. ഗമണ്ടന്റെ സഹായികളാണ് ച്ചിട്ടുകുറുക്കനും മിട്ടുക്കരടിയും ഗമണ്ടനെപോലെ ദുഷ്ടന്മാരായിരുന്നു ച്ചിട്ടുവും മിട്ടുവും.
ഒരു ദിവസം ഗമണ്ടന് ആനയിറച്ചി തിന്നാൻ കൊതിയായി. ഗമണ്ടൻ വിവരം സഹായികളോട് പറഞ്ഞു. അതിനെന്താ തിരുമനസ്സേ.....ഇപ്പോൾ കൊണ്ടുവരാമല്ലോ ച്ചിട്ടുക്കുറുക്കനും മിട്ടുക്കരടിയും ആനയെ പിടികൂടാൻ തീരുമാനിച്ചു. വഴിയിൽ വെച്ച് അവർ ഒരു ആനക്കുട്ടിയെ കണ്ടു. ആനക്കുട്ടീ...ആനക്കുട്ടി ഞങ്ങളുടെകൂടെ വന്നാൽ നിനക്ക് തിന്നാൻ നല്ല കരിമ്പുതരാം അവർ പറഞ്ഞു. പാവം ആനക്കുട്ടി അവരുടെ വാക്കുകൾ വിശ്വസിച്ചു കൂടെ പോയി.
രാജാവേ..... ഇതാ ആനക്കുട്ടി. അങ്ങിവനെ കഴിച്ചോളൂ"ഗുഹക്കുമുന്നിൽനിന്ന ഗമണ്ടനോട് ച്ചിട്ടുവും മിട്ടുവും പറഞ്ഞു.
ങ്ഹി......രക്ഷിക്കണേ...."
ആനക്കുട്ടി കരയാൻ തുടങ്ങി.
പ്ധൂം!പ്ധൂം..
അപ്പോഴാണ് ദൂരെ നിന്നൊരു ശബ്ദം കേട്ടത്. ആനക്കുട്ടിയെ തിരക്കിയിറങ്ങിയ ആനക്കൂട്ടമായിരുന്നു അത്."അതാ.....സിംഹത്താൻ മോനെ ഉപദ്രവിക്കാൻ പോകുന്നു."അമ്മയാന പറഞ്ഞു. ആനകൾ ഓടിവന്ന് ഗമണ്ടനെയും ച്ചിട്ടുവിനേയും മിട്ടുവിനേയും ചവിട്ടി ചമ്മന്തിയാക്കി.അവശരായ മൂന്നുപേരും പേടിച്ച കിന്നരം കാറ്റിൽനിന്നും ഓടി പോയി...ഹ ഹ ഹാ.



ജിഫ്ന ഫാത്തിമ ജെ. എൻ
7 ജി

കവിത

# നാടോടി

റയിൽവേപാതക്കരികിലാ പൊന്തയിൽ
ചുടു രക്തമൊഴുകുന്നൊരു
പിഞ്ചു ബാലിക
കുട്ടിയാണെന്നൊരുചിന്തയില്ലാതവ- ളെ
ക്രൂരമായ് ചീന്തിയെറിഞ്ഞ കശ്മലന്മാർ
എന്തിനീ ക്രൂരതപെൺജന്മത്തിനോട്
പെൺജനതയെ തള്ളിക്കളയുക
സാധ്യമോ?
എത്ര തീയിലെറിഞ്ഞാലുംആ ചാരത്തിൻ ചുനയിൽ നിന്ന്
ഉയർന്നുപൊങ്ങുമവൾ.
എന്തിനായ് അകറ്റണം എന്തിനായ് മറക്കണം
മലാലയും പെണ്ണാണ് അതുമാത്രം
ഓർക്കുക
പെൺകുട്ടികൾ വ്യാപാര ചരക്കോ
ആക്ഷേപ ഹാസ്യമോ ഒന്നുമല്ല അവൾപൗരാവകാശമുള്ളവൾ
ഓർത്തു ഞാൻ നിൽക്കുമ്പോൾ ആരോ മൊബൈലിൽ
ബലിയായ കുട്ടിതൻ ചിത്രം പകർത്തുന്നു
ഓർക്കുന്നില്ലവർ സ്വന്തം കുഞ്ഞുങ്ങൾക്കാണ്
ഈ ഗതി
വന്നതെങ്കിലെന്നു
ആരാണാ കുട്ടിയെന്നാരോ ചോദിക്കുമ്പോൾ
അറിയില്ലെന്നെല്ലാരും മൊഴിയുന്നു
എവിടെനിന്നോ ഒരു രോദനം
കേൾക്കുന്നു
മറ്റാരുമല്ലതാ കുട്ടിതൻ മാതാവ്
നാടോടിയാണവർ..
നാടോടിതൻ ജീവനും വിലയുണ്ടെന്നറിയണം
എല്ലാവരും.



വർഷ ആർ
**10 എഫ്**

ലേഖനം

# പുസ്തകമെന്ന അത്ഭുതം

വായന മനുഷ്യന് ലഭിച്ചതിൽ വെച്ച് ഏറ്റവും വലിയ സമ്പത്താണ്. അതുകൊണ്ടുതന്നെ "റസ്കിൻ ബോണ്ട്"എന്ന ഇംഗ്ലീഷ് എഴുത്തുകാരൻ പുസ്തകങ്ങളെ "കിങ്സ് ട്രെഷർ"എന്നാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. എന്നാൽ അത് വെറും സ്വർണ്ണമോ വെള്ളിയോ കൊണ്ട് നിറച്ച നിധിയല്ല മറിച്ച് അറിവ് എന്ന അത്ഭുത പ്രതിഭാസവും മൂല്യ ചിന്തകളും കൊണ്ട് നിറക്കപ്പെട്ട വിലമതിക്കാനാകാത്ത നിധിയാണ്.

വായനയില്ലാത്ത മനുഷ്യൻ ഒരിക്കലും ജീവിതത്തിൽ വിജയിക്കില്ല. വായന നമുക്ക് അതിയായ സന്തോഷം നൽകുന്നു അത് നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. നമ്മൾ മഹത്തരമായ കാര്യങ്ങളെ പറ്റി പഠിക്കാനുദ്ദേശിക്കുമ്പോൾ വായന നമ്മിൽ മഹത്തരമായ ചിന്തകൾ ഉണർത്തുന്നു. വായന ഒരിക്കലും ഒരു സന്തോഷത്തിനോ വിനോദത്തിനോ വേണ്ടി മാത്രമല്ല വിദ്യാഭ്യാസതിനുകൂടി ഉതകുന്നതാണ്.പുസ്തകമെന്നത് നമ്മുടെ ഏറ്റവുമടുത്ത സുഹൃത്താണ്. ചില സാഹചര്യങ്ങളിൽ നമ്മുടെ ഉറ്റ ചങ്ങാതി പോലും നമ്മെ വിട്ട് പിരിയുകയോ,നമ്മെ സങ്കടത്തിലാഴ്ത്തുകയോ ചെയ്താൽ പോലും നമുക്ക് വേണ്ടി കാത്തു നിൽക്കുന്ന ഒരിക്കലും വിട്ട് പിരിയാത്ത ഒരു ചങ്ങാതിയുണ്ട് "അതാണ് വായനയുടെ ലോകം".

മഹത്തരമായ പുസ്തകങ്ങൾ നമ്മുടെ ആത്മീയ ചിന്തയും വ്യക്തി വികാസവും ഉയർത്തുന്നു. "പുസ്തകമെന്നത് നമ്മൾ അതിലേക്ക് അടുക്കുന്നത് വരെ നമ്മെ കാത്തു നിൽക്കുന്നതാണ്".അതുകൊണ്ട് തന്നെ നാം വായിക്കുകയും നല്ലൊരു വായനക്കാരനാവുകയും ചെയ്യുക. "പുസ്തകത്തിലെ അത്ഭുതങ്ങൾ"നിങ്ങൾക്കായി കാത്തുനിൽക്കുന്നു അതിലേക്ക് നമുക്ക് ചുവടുകൾ വെക്കാം.




ജാസ്മിൻ നവാസ്
പി ടി എ അംഗം


## അമ്മയുടെ സ്നേഹം


ഒരിടത്ത് ഒരു അമ്മയും കുഞ്ഞും താമസിച്ചിരുന്നു . കുഞ്ഞിന് ഇഴയുന്ന പ്രായമേ ഉണ്ടായിരുന്നുള്ളു.കുട്ടി ഒരു
ദിവസംകളിച്ചുകൊണ്ടിരിന്നു.കളിച്ചപ്പോൾ കുട്ടിയുടെ കൈയിൽ ഇരുന്ന കളിപ്പാട്ടം പുറത്തേക്ക് തെന്നി പോയി. കുട്ടി അത്
എടുക്കാൻ വേണ്ടി കളിപ്പാട്ടത്തിന്റെ പുറകെ പോയി.അവസാനം കുട്ടി കളിപ്പാട്ടംകൈയിൽ എടുത്തു.അപ്പോൾ അമ്മ കുട്ടിയെ തേടി പുറത്തേക്ക് വന്നു അപ്പോൾഅമ്മയെ കളിപ്പിക്കാൻ വേണ്ടി കുട്ടി ഒരു
മരത്തിന്റെ പുറകെ ഒളിച്ചു. അമ്മ കുഞ്ഞിനെ കാണാതെ സങ്കട പെട്ടു. അമ്മഉറക്കെ വിളിച്ചു മോനെ...... മോനെ.......
എന്നിട്ടും കുട്ടി അവിടെ തന്നെ നിന്നു അമ്മ അമ്മ കുഞ്ഞിനെ കാണാതെ കരഞ്ഞു. ആ കരച്ചിൽ കണ്ട് കുട്ടിക്ക് സങ്കടം വന്നു അവൻ വേഗം അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു എന്നിട്ട് അവൻ അമ്മേ എന്ന് വിളിച്ചു അപ്പോൾ അമ്മ അവനെ സ്നേഹത്തോടെ എടുത്ത് കെട്ടിപിടിച്ച് ഒരുപാട് ഉമ്മകൾ കൊടുത്തു ഈ കൊച്ചു കഥയിൽ നിന്ന് എനിക്ക് മനസ്സിലായത്. അമ്മയെ നമ്മൾ ഒരിക്കലും സങ്കടപെടുത്തരുത്.


സജ് നാനിസ്സാം
6 ഡി


# ചിത്രമൂല





Sivani
V:C



Jani. B. L
VIII:G



അത്
പാഴാക്കരുത്
മാർച്ച്-22
ലോക ജല
ദിനം
Vivekraj. V. R
VII:A


Vinaya. V.
V:A



Sreeha
V:



Store
Karthika
VI



Sande



Jani.
VII


Karthika.s
VII:F



Adhithyan. S
V:A



Sneha. V
V:C


Rishinath
V:A


Thushim. S
V:D



Jani. B. L
VIII:G


Subena


Jani. B. L
VIII:G


വിനയ വി എസ്
V:A



ജാനി ബി എൽ
VIII:G


കാർത്തിക എസ്
VII:F


കൃഷ്ണ
VI:D


Taniya
vig



SreeRanju s
VA



Jobina s
VD



Abhijith babu
VII G
ABHIJITH BABU


Isha b
VII F


Adithya
VIIA


Ganga p
VII A
എന്റെ ഗ്രാമം


Shemeena
IX F


Shemeena
IXF


Sonu
VII B


ഉഷ.ബി
VII:F


Jayalekshmi S
9D

# ടീം ലിറ്റിൽ കൈറ്റ്സ്, അഞ്ചാലുംമൂട്



***കച്ഛപി*** – വിദ്യാദേവിയുടെ വീണ .അതിലെ തന്ത്രികളിൽ സപ്ത സ്വരങ്ങൾ ശ്രുതി ചേരുന്നത് പോലെ ...ഭാവ രാഗ ലയങ്ങൾ ഗന്ധർവഗാനമായി ഒഴുകുന്നത് പോലെ ,ഈ സരസ്വതി ക്ഷേത്രത്തിലെ കുരുന്നുകളുടെ വിവിധങ്ങളായ സർഗ്ഗ സൃഷ്ടികളെ സമ്മിശ്രമായി അവതരിപ്പിച്ച കൊണ്ട് ഒരു മാഗസിൻ .പൂർണമായും മാതൃഭാഷയിൽ ചിട്ടപ്പെടുത്തിയ ഈ ഡിജിറ്റൽ മാഗസിൻ വിജയകരമായി പൂർത്തിയാക്കുവാൻ സഹായിച്ച എല്ലാ സുമനസുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു .



**രശ്മി മോൾ ജി**

**കൈറ്റ് മിസ്ട്രസ്**

**ജി എച്ച് എസ് എസ് അഞ്ചാലുംമൂട്**